# സബ്മിഷൻ

## (1) വിൽസൺസ് ഡിസീസ് രോഗം ബാധിച്ച കുടുംബത്തിന് ചികിത്സാ സഹായം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, വളരെ അപൂർവ്വമായി മാത്രം വരാറുള്ള വിൽസൺസ് ഡിസീസ് എന്ന രോഗം ബാധിച്ച ഒരു കുടുംബത്തിലെ നാല് കുട്ടികളുടെ കദനകഥയാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. കൊച്ചി ചെല്ലാനം പഞ്ചായത്തിലെ പാലിയത്തെ ആന്റണി-ആൻസി ദമ്പദികളുടെ മക്കളായ ജാസ്ഫർ(14), ജോൺസൺ(13), ബെഖിത(11), നിഖിത(11) എന്നീ നാല് കുട്ടികൾക്ക് കരളിന് വിൽസൺസ് ഡിസീസ് എന്ന മാരക രോഗം ബാധിച്ചിരിക്കുകയാണ്. കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രീയ മാത്രമേ അന്തിമമായി പ്രതിവിധിയുള്ളൂ എന്നാണ് ഡോക്ടർമാരുടെ അഭിപ്രായം. പി.വി.എസ്. ഹോസ്പിറ്റലിൽ അവർ ചികിത്സയ്ക്കുപോയി. അതിനുശേഷം അവരെ വെല്ലൂർ ക്രിസ്റ്റ്യൻ മെഡിക്കൽ കോളേജിലേയ്ക്കും അയച്ചു. ഇതിനകംതന്നെ 30 ലക്ഷത്തോളം രൂപ ചെലവായിക്കഴിഞ്ഞു. വളരെ സാധാരണക്കാരായ കുടുംബമാണ് അവരുടേത്. ഈ വിവരം അറിഞ്ഞ ഉടനെതന്നെ ഞാനും ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. ബാബുവും കൂടി അവരുടെ വീട്ടിൽ പോയി അവരെ കണ്ട് സംസാരിച്ചു. അതിനുശേഷം കഴിഞ്ഞ മാസം 30-ാം തീയതി ഒരു ആൾപാർട്ടി മീറ്റിംഗ് ഞാൻ അവിടെ വിളിച്ചുകൂട്ടി. എം.എൽ.എ. ചെയർമാനായ ഒരു സഹായ കമ്മിറ്റിയുണ്ടാക്കി. ഞങ്ങൾ കഴിഞ്ഞ ഞായറാഴ്ച ആ പഞ്ചായത്തിലെ 21 വാർഡുകളിലും മെമ്പർമാരുടെ നേതൃത്വത്തിൽ ഓരോ സ്ക്വാഡായി ഇറക്കി 10 ലക്ഷം രൂപയോളം ആ ഒരു ദിവസം ഉണ്ടാക്കാൻ കഴിഞ്ഞു. ഇതിന് മൊത്ത ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നത്

ഒരു കോടി 12 ലക്ഷം രൂപയാണ്. ഒരു കുടുംബം അന്യംനിന്നു പോകുന്ന അവസ്ഥയാണ്. വേറൊരു മാർഗ്ഗം അവർക്കില്ല. അതുകൊണ്ട് അടിയന്തര മായി ഈ കുടുംബത്തെ സഹായിക്കാൻ സർക്കാർ മുന്നോട്ടുവരണം. വിദഗ്ദ്ധ ചികിത്സക്കായി അവർക്ക് പോകേണ്ടത് വെല്ലൂർക്കാണ്. ഈ സാഹചര്യത്തിൽ ആ കുടുംബത്തെ സഹായിക്കാൻ ഗവൺമെന്റ് ഇടപെട ണം. എനിക്ക് സന്തോഷം തോന്നിയത്, ഈ വിവരം അറിഞ്ഞ ഉടനെതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാര്യ ശ്രീമതി മറിയാമ്മ ഈ കുട്ടികളുടെ മാതാവുമായി സംസാരിച്ചു. അങ്ങനെയുള്ള സാന്ത്വനം എല്ലാ ഭാഗത്തുനിന്നും വരുന്നുണ്ട്. ബാങ്കിൽ ഞങ്ങൾ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ഞാൻ മെമ്പർമാരോടുകൂടി അപേക്ഷിക്കുകയാണ്, എല്ലാപേരുടെ ഭാഗത്തു നിന്നും സഹായങ്ങൾ ഈ കുട്ടികളെ സംരക്ഷിക്കാൻ ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത് നമ്മുടെ സമൂഹത്തിലെ ഏറ്റവും വലിയ സഹതാപം അർഹിക്കുന്ന, പ്രത്യേക പരിഗണന അർഹിക്കുന്ന ഒരു കേസാണ്. ഒരു വീട്ടിലെ നാല് കുട്ടി കൾ, രണ്ട് ആൺകുട്ടികളും, രണ്ട് പെൺകുട്ടികളും - അവർക്ക് വിൽസൺസ് ഡിസീസ് എന്ന കരളിനെ ബാധിക്കുന്ന ഒരു മാരക രോഗമാണ് പിടിപെട്ടിട്ടു ള്ളത്. ഈ രോഗം വന്നുകഴിഞ്ഞാൽ കരൾ മാറ്റിവയ്ക്കുക എന്നതുമാത്രമാണ് പോംവഴി. എനിക്കുകിട്ടിയ പ്രാഥമിക കണക്കനുസരിച്ച് ഒരാൾക്ക് 14 ലക്ഷം രൂപ അതായത് നാല് പേർക്കും കൂടി 56 ലക്ഷം രൂപ വേണ്ടിവരും എന്നാണ്. ഒരു സന്തോഷകരമായ സംഗതി, ഈ വാർത്ത മാധ്യമങ്ങളിൽ വന്ന ഉടനെ അവരുടെ വീടുകളിലേയ്ക്ക് ധാരാളം ഫോൺകാളുകൾ വന്നു. 12 പേർ കരൾ

കൊടുക്കാമെന്ന് അവർക്ക് വാഗ്ദാനം ചെയ്തിരിക്കുകയാണ്. നമ്മുടെ നാട്ടിലെ മനുഷ്യത്വത്തിന് ജനങ്ങൾ കൊടുക്കുന്ന വലിയ പ്രാധാന്യമാണ് ഇതിൽ നിന്ന് മനസ്സിലാക്കുന്നത്. പത്രത്തിൽ വാർത്ത വന്ന ഉടനെ ആ വീട്ടി ലേയ്ക്ക് ആളുകൾ പ്രവഹിക്കുന്നു. ഇവിടെ പറഞ്ഞതുപോലെ ശ്രീ. കെ. ബാബുവും ശ്രീ. ഡൊമിനിക് പ്രസന്റേഷനും അവിടെ പോയി. ധാരാളം സാമ്പത്തിക സഹായങ്ങൾ ചെയ്യുന്നുണ്ട്. ഗവൺമെന്റ് ഇവർക്ക് വേണ്ട എല്ലാ സഹായങ്ങളും ചെയ്യും. ഇന്ന് അവിടെ ശേഖരിക്കുന്ന സാമ്പത്തിക സഹായ ങ്ങളൊക്കെ നോക്കിയതിനുശേഷം ഗവൺമെന്റ് എന്താണോ വേണ്ടത് അത് കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽനിന്നും കൊടുക്കും. ഏതായിരുന്നാലും ഈ നാല് കുട്ടികളുടെ ഓപ്പ റേഷൻ ആ ഒരു കുടുംബത്തിന് ചെയ്യാൻ സാധിക്കില്ല. ആ നാല് കുട്ടികൾക്ക് തുടർന്ന് ജീവിക്കണമെങ്കിൽ ഈ ഓപ്പറേഷൻ നടത്തിയേ മതിയാകൂ. അതിനു വേണ്ട എല്ലാ സപ്പോർട്ടും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് പറയാൻ ആഗ്രഹിക്കുന്നു.

## അരുൺ വിക്രമിന്റെയും ശ്രീമതി ആർ. പ്രീതയുടെയും നേർക്കുണ്ടായ അക്രമണം

ശ്രീ. വി. ശിവൻകുട്ടി: സർ, നേമം നിയോജകമണ്ഡലത്തിലെ ഡി.വൈ. എഫ്.ഐ. സത്യൻ നഗർ യൂണിറ്റ് സെക്രട്ടറിയും ലോക്കൽ കമ്മിറ്റി അംഗവു മായ അരുൺ വിക്രമിനെ ഇക്കഴിഞ്ഞ സെപ്തംബർ മാസം 27-ാം തീയതി ഒരു സംഘം ആർ.എസ്.എസ്. ക്രിമിനലുകൾ ക്രൂരമായി മർദ്ദിച്ച് കൊലപ്പെടു ത്തുവാൻ ശ്രമിക്കുകയും എണീറ്റുനടക്കുവാൻ കഴിയാത്ത വിധം കാലിനും കൈയ്ക്കും ഒടിവുകൾ സംഭവിച്ചിരിക്കുകയുമാണ്. എന്നാൽ നാളിതുവരെ

പ്രസ്തുത ക്രിമിനലുകളെ പോലീസ് അറസ്റ്റ് ചെയ്തിട്ടില്ല. രുക്കു സുരേഷ്, മണിക്കുട്ടൻ, കലേഷ്, കണ്ണൻ, കുഞ്ഞുമോൻ എന്നിവരാണ് അരുൺ വിക്രമിനെ ആക്രമിച്ചത്. ഈ പ്രതികളെ സംരക്ഷിക്കുന്ന നിലപാടാണ് നേമം പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടായിരിക്കുന്നത്. പ്രതികൾ അറിയപ്പെടുന്ന ക്രിമിനലുകളും ഗുണ്ടാ ലിസ്റ്റിൽപ്പെട്ടവരുമാണ്. രുക്കു സുരേഷ് നിരവധി തവണ കരുതൽ തടങ്കലിൽ കഴിഞ്ഞിട്ടുള്ള ക്രിമിനലുമാണ്. ഈ പ്രതികളെ അറസ്റ്റു ചെയ്യാത്തതിൽ പ്രതിഷേധിച്ച് ജനുവരി മാസം 18-ാം തീയതി സി.പി.ഐ(എം) ന്റെ നേമം ഏരിയാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നേമം പോലീസ് സ്റ്റേഷനിലും സർക്കിൾ ആഫീസിലേയ്ക്കും യുവജന മാർച്ച് നടത്തുകയുണ്ടായി. ഈ സാഹചര്യത്തിൽപ്പോലും ഒരു നടപടിയും സ്വീകരിച്ചില്ല. മറ്റൊരു കാര്യം, 2013 ജനുവരി മാസം 10-ാം തീയതി തിരുവനന്തപുരത്തെ കരകുളം പഞ്ചായത്താഫീസിനു മുന്നിൽ വച്ച് മേൽപ്പടി പഞ്ചായത്തിലെ മുൻപ്രസിഡന്റും കുടുംബശ്രീ ചെയർപേഴ്സണുമായിട്ടുള്ള ശ്രീമതി ആർ. പ്രീതയെ എസ്.പി. മുഹമ്മദ് ഇക്ബാൽ, സി.ഐ. സുരേഷ്കുമാർ, എസ്.ഐ. രാകേഷ് എന്നീ പോലീസ് ഉദ്യോഗസ്ഥന്മാർ ചേർന്ന് ക്രൂരമായി ആക്രമിച്ച് അടിവയറ്റിൽ ചവിട്ടുകയുണ്ടായി. ബൂട്ട്സിട്ട് അടിവയറ്റിൽ ചവിട്ടിയതുകാരണം സിവിയറായിട്ടുള്ള ബ്ലീഡിംഗാണുള്ളത്. യൂട്രസ് ഡാമേജുണ്ടയെന്നാണ് ഡോക്ടർമാരുടെ റിപ്പോർട്ട്. ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം അടിയന്തരമായ ഒരന്വേഷണം നടത്തി കുറ്റക്കാരുടെ പേരിൽ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ശ്രീമതി ആർ. പ്രീത കഴിഞ്ഞ ജനുവരി മാസം 10-ാം തീയതി മുതൽ ഗവൺമെന്റ് ആശുപത്രിയിലും പ്രൈവറ്റ് ആശുപത്രിയിലുമായി ചികിത്സയിൽ കഴിയുകയാണ്. ആ കുട്ടിയെ കണ്ടാൽ തീർച്ച

യായും പ്രസ്തുത ഉദ്യോഗസ്ഥന്മാർക്കെതിരെ അടിയന്തരമായി നടപടി എടുക്കുമെന്നുള്ളതിൽ യാതൊരു തർക്കവുമില്ല.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട വി. ശിവൻകുട്ടി പറഞ്ഞ കാര്യത്തിൽ ഒന്നുരണ്ട് ഡിഫറൻസ് മാത്രമേയുള്ളൂ. അതിന്റെ കണ്ടൻസിനോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. പ്രതികൾ അരുൺ വിക്രമിനെ ആക്രമിച്ച് കൊലപ്പെടുത്താനാണ് ശ്രമിച്ചത് എന്ന് അന്വേഷണത്തിൽ തെളിവായതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ ശിക്ഷാ നിയമം 307 ചേർത്ത് 28-09-2012-ൽ കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 143, 147, 148, 149, 341, 324, 326, 307 വകുപ്പുകൾ പ്രകാരം കേസ് എടുത്തിട്ടുണ്ട്. അന്ന് 308 വകുപ്പ് പ്രകാരമായിരുന്നു കേസ് എടുത്തത് ഇപ്പോൾ 307 വകുപ്പ് ആക്കിമാറ്റിയിട്ടുണ്ട്. ബി.ജെ.പി.-യിൽ നിന്നുമാറി ഡി.വൈ.എഫ്.ഐ.-യിൽ ചേർന്ന ബിജു എന്നയാളിനെ അക്രമികൾ ദേഹോപദ്രവം ഏൽപ്പിക്കാൻ ശ്രമിച്ചപ്പോൾ പിടിച്ചുമാറ്റിയതിലുള്ള വിരോധമാണ് തന്നെ ഉപദ്രവിക്കാൻ കാരണമെന്ന് അരുൺ വിക്രം മൊഴിയിൽ പറഞ്ഞിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് രണ്ടുപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഒന്നും രണ്ടും പ്രതികളായ സുമേഷ്, മണിക്കുട്ടൻ എന്നിവരെ 02-10-2012-ൽ അറസ്റ്റ് ചെയ്ത് കോടതി മുമ്പാകെ ഹാജരാക്കി. കോടതി അവരെ റിമാന്റ് ചെയ്തിരിക്കുകയാണ്. രണ്ട് മുതൽ അഞ്ച് വരെയുള്ള പ്രതികളിൽ ഓറഞ്ച് കണ്ണൻ എന്ന കണ്ണൻ, കലേഷ്, വിനോദ് എന്നിവർ ഒളിവിൽ പോയതിനാൽ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഇവർക്കുവേണ്ടിയുള്ള തെരച്ചിൽ നടക്കുന്നുണ്ട്. ഇവരുടെ വീടുകളിലും ബന്ധുവീടുകളിലും

ഇവർ ഉണ്ടാകാൻ സാധ്യതയുള്ള മറ്റ് സ്ഥലങ്ങളിലും നിരന്തരം പരിശോധന നടത്തുന്നുണ്ട്. ഇവർ ഉപയോഗിച്ചുവന്നിരുന്ന മൊബൈൽഫോൺ സിംകാർഡുകൾ ഇപ്പോൾ മാറ്റിയിരിക്കുകയാണ്. എങ്കിലും ഇവരുടെ വീടുക ളിലേയ്ക്കും ബന്ധുവീടുകളിലേയ്ക്കും വരുന്ന കോളുകൾ സമീപമുള്ള മൊബൈൽ ഫോൺ ടവർ മുഖാന്തിരം പരിശോധിക്കാൻ ഏർപ്പാട് ചെയ്തിട്ടു ണ്ട്. അങ്ങനെ ശക്തമായ രൂപത്തിലുള്ള അന്വേഷണം നടത്തുന്നുണ്ട്. ഇതാണ് അങ്ങ് ഉന്നയിച്ച ആദ്യത്തെ ആവശ്യം. ശ്രീമതി പ്രീതക്കേറ്റ മർദ്ദന ത്തെക്കുറിച്ചാണ് രണ്ടാമത് പറഞ്ഞത്. ഗവൺമെന്റ് അക്കാര്യം ഗൗരവമായി പരിശോധിക്കും. പരാതി പരിശോധിച്ച് ഗവൺമെന്റിന് ചെയ്യാവുന്ന എല്ലാ വിധത്തിലുമുള്ള നടപടി സ്വീകരിക്കുന്നതാണ്.

<u>**പതിമൂന്ന് വയസ്സുകാരി പീഡിപ്പിക്കപ്പെട്ട സംഭവം**</u>

<u>ശ്രീ. പി.സി. വിഷ്ണുനാഥ്</u>: സർ, ഇടുക്കി ജില്ലയിലെ രാജാക്കാട് പതിമൂന്ന് വയസ്സുള്ള കുഞ്ഞിനെ മാനഭംഗപ്പെടുത്തി ഏലത്തോട്ടത്തിൽ ഉപേ ക്ഷിച്ച ഒരു ക്രൂരമായ സംഭവമുണ്ടായി. പതിമൂന്ന് വയസ്സുള്ള കുഞ്ഞിനെ മാനഭംഗപ്പെടുത്തിയതിനുശേഷം ഏലത്തോട്ടത്തിൽ ഉപേക്ഷിച്ചു. രാത്രിയിൽ കുഞ്ഞിനെ കാണാതെ രക്ഷകർത്താക്കൾ പ്രദേശത്തുമുഴുവൻ തിരക്കി. പുലർച്ചെ അബോധാവസ്ഥയിൽ ഏലത്തോട്ടത്തിൽ നിന്നും കണ്ടെത്തുകയാ യിരുന്നു. കുട്ടി ഇപ്പോൾ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്. ഈ കുട്ടിയെ പീഡിപ്പിച്ച കേസിലെ പ്രതി ദീപു അവി ടത്തെ ജനാധിപത്യ മഹിളാ അസോസിയേഷന്റെ ജില്ലാ കമ്മിറ്റി അംഗമായ തിലോത്തമ സോമന്റെ മകനാണ്. ഇവർ പഞ്ചായത്ത് പ്രസിഡന്റും പഞ്ചാ യത്ത് മെമ്പറുമായിരുന്നു. കഴിഞ്ഞ തവണ മത്സരിച്ച് തോറ്റു. ജനാധിപത്യ മഹിളാ അസോസിയേഷൻ നേതാവിന്റെ മകനും സി.പി.എം. പ്രവർത്തക

നുമായ ദീപു ഇങ്ങനെ ചെയ്തതിനുശേഷം, ആ പെൺകുട്ടിയുടെ വീട്ടിൽ പി.ടി. എൽദോസ്, വി.എൻ. മോഹനൻ എന്നീ രണ്ട് സി.പി.എം.-ന്റെ പ്രധാന പ്പെട്ട നേതാക്കന്മാർ ചെന്ന് പരാതി പിൻവലിക്കാൻവേണ്ടി രണ്ടുലക്ഷം രൂപ ഓഫർ ചെയ്തു. ദില്ലിയിലെ പെൺകുട്ടിയുടെ ക്രൂരമായ സംഭവത്തിനുശേഷം ഇത്തരം സംഭവങ്ങൾക്കെതിരെ മനുഷ്യ മനസ്സാക്ഷി ഉണർന്ന ഒരു സാഹചര്യ ത്തിൽ ഈ പാവപ്പെട്ട പതിമൂന്ന് വയസ്സുകാരിയെ പീഡിപ്പിച്ച കേസിൽ പരാതി കൊടുത്തത് പിൻവലിക്കാൻ സി.പി.എം. നേതാക്കന്മാരായ പി.ടി. എൽദോസും വി.എൻ. മോഹനനും രണ്ട് ലക്ഷം രൂപയുടെ ഓഫറുമായി ചെന്നു. അതിൽ നിന്നും പിന്മാറാത്ത സാഹചര്യത്തിൽ അവരെ സംഘമായി ച്ചെന്ന് ഭീഷണിപ്പെടുകയുണ്ടായി. പതിമൂന്ന് വയസ്സുള്ള കുഞ്ഞിനെ ക്രൂരമായി ആക്രമിച്ച് ഏലത്തോട്ടത്തിൽ ഉപേക്ഷിച്ചശേഷം ആ കുട്ടിയുടെ വീട്ടിൽ വീണ്ടും ചെന്ന് ഭീഷണിപ്പെടുത്തുകയാണ്. ആദ്യം പ്രലോഭനം, പിന്നെ ഭീഷണി. ആ കുട്ടിയുടെ കുടുംബത്തിന് സംരക്ഷണം കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഈ കേസിൽ ഒരാളെ മാത്രമേ അറസ്റ്റ് ചെയ്തിട്ടു ള്ളൂ. രാത്രിയുടെ നിഗൂഢതയിൽ നടന്ന ഈ ക്രൂരമായ, ഹീനമായ, നീചമായ പ്രവർത്തനത്തിൽ ഉൾപ്പെട്ടിട്ടുള്ള മറ്റ് ആളുകളെക്കൂടി അറസ്റ്റ് ചെയ്യാനുള്ള സമഗ്രമായ അന്വേഷണം വേണമെന്നുകൂടി ഞാൻ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി മുമ്പാകെ അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇതുസംബന്ധിച്ച ഒരു സബ്മിഷൻ ശ്രീ. റോഷി അഗസ്റ്റിനും എനിക്ക് എഴുതി നൽകിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ കാഞ്ഞിരപ്പാറ വില്ലേജിൽ അഞ്ചുമുക്ക് കടവിൽ വീട്ടിൽ സോമൻ മകൾ

എട്ടാം ക്ലാസ് വിദ്യാർത്ഥിനിയായ പതിനാല് വയസ്സുകാരി അഖില എന്ന പെൺകുട്ടിയെ കുറ്റിച്ചിറയിൽ ദീപു പീഡിപ്പിച്ചത് സംബന്ധിച്ച് ശാന്തമ്പാറ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 88/2013 u/s 376 IPC & Sec.No.3(5) r/w Sec.6 Protection of Children from Sexual Offences Act പ്രകാരം 03-02-2013-ൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. അന്വേഷണത്തിൽ 07-02 -2013 വ്യാഴാഴ്ച രാത്രി 11.00 മണിക്കുശേഷമാണ് സംഭവം നടന്നതെന്ന് അറി വായി. കേസിലെ പ്രതിയായ കുറ്റിച്ചൽ ദീപുവിനെ 12-02-2013-ൽ അറസ്റ്റ് ചെയ്തു. മേൽപ്പടി അഖില 09-02-2013 രാത്രി 8.00 മണിക്ക് കട്ടപ്പന വനിതാ ഹെൽപ്പ്ലൈൻ എസ്.ഐ. കെ.ജെ. ജോഷിയോട് വട്ടപ്പാറ കരയിൽ കുറ്റിച്ചിറ വീട്ടിൽ സോമൻ മകൻ ദീപു (31 വയസ്) 07-02-2013 രാത്രി കുട്ടിയുടെ വീട്ടി നടുത്തുള്ള ഏലത്തോട്ടത്തിൽ വച്ച് 11.00 മണിക്കും 11-12-2012-ാം തീയതി കുട്ടിയുടെ വീട്ടിൽ വച്ചും ബലാൽസംഗം ചെയ്തുവെന്ന മൊഴി പറഞ്ഞിട്ടു ള്ളതും ഇതിന്റെ അടിസ്ഥാനത്തിൽ മുകളിൽപ്പറഞ്ഞ പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. അഖിലയുടെ അമ്മ പിണങ്ങിപ്പോയിട്ടുള്ളതും ടിയാൾ അച്ഛനോടും അനുജനോടുമൊപ്പം താമസിച്ചുവരികയുമാണ്. 09-02-2013-ൽ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പരിശോധന നടത്തി മെഡി ക്കൽ സർട്ടിഫിക്കറ്റ് വാങ്ങിയിട്ടുണ്ട്. പ്രതി ദീപുവിനെ 12-02-2013 പകൽ 11.00 മണിക്ക് അറസ്റ്റ് ചെയ്ത് വിശദമായ അന്വേഷണത്തിനുശേഷം റിമാന്റ് അപേക്ഷ സഹിതം നെടുങ്കണ്ടം ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോട തിയിൽ ഹാജരാക്കിയിട്ടുള്ളതും ബഹുമാനപ്പെട്ട കോടതിയുടെ ഉത്തരവുപ്ര കാരം 12-02-2013 മുതൽ 14 ദിവസത്തേയ്ക്ക് സബ് ജയിലിൽ പാർപ്പിച്ചിട്ടുള്ള

തുമാണ്. ഈ കേസിലെ പ്രതി ദീപുവിന്റെ അമ്മ തിലോത്തമ മുൻ പഞ്ചായത്ത് പ്രസിഡന്റും ഇപ്പോൾ ജനാധിപത്യ മഹിളാ അസോസിയേഷൻ ജില്ലാ കമ്മിറ്റി അംഗവും ശാന്തൻപാറ സി.പി.എം. ഏരിയാ കമ്മിറ്റി അംഗവുമാണ്. അതെല്ലാം പൊളിറ്റിക്സാണ്, ഞാനതുപറയുന്നില്ല. .....(ബഹളം).... ഞാനത് പറയുന്നില്ലെന്ന് പറഞ്ഞല്ലോ. എഴുതിത്തന്ന റിപ്പോർട്ടാണിത്. ഈ കേസിലെ പ്രതി ദീപു വിവാഹിതനും അഞ്ചുമുക്ക് സ്റ്റാൻഡിൽ ഓട്ടോറിക്ഷ ഓടിച്ചുവരുന്ന ആളുമാണ്. മറ്റ് രണ്ടു കാര്യങ്ങൾകൂടി ബഹുമാനപ്പെട്ട പി.സി. വിഷ്ണുനാഥ് ഇവിടെ പറഞ്ഞിട്ടുണ്ട്. ഈ കുട്ടിയുടെ വീട്ടിൽപ്പോയി പ്രലോഭനം നടത്തി എന്നുള്ളതാണ് ഒന്ന്. ഈ കുട്ടിയുടെ വീട്ടുകാരെ ഭീഷണിപ്പെടുത്തുന്നു, അവരുടെ സുരക്ഷിതത്വമാണ് രണ്ടാമത്തെ കാര്യം. ഇവിടെ അങ്ങ് പറഞ്ഞ കാര്യംകൂടി പരിഗണിച്ച് ആവശ്യമായ മേൽനടപടി സ്വീകരിക്കുന്നതും അവരുടെ കുടുംബത്തിനുവേണ്ട പ്രൊട്ടക്ഷൻ നൽകുന്നതിന് ഇപ്പോൾത്തന്നെ നിർദ്ദേശം നൽകുന്നതുമാണ്.

**ആശാ വർക്കേഴ്സിന് ഓണറേറിയം**

ശ്രീ. പി.കെ. ഗുരുദാസൻ: സർ, കേരളത്തിൽ 31549 ആശാ വർക്കേഴ്സുണ്ട്. അവരിൽ മിക്കവരും നല്ല വിദ്യാഭ്യാസ യോഗ്യതയുള്ളവരാണ്, പോസ്റ്റ് ഗ്രാജുവേഷനും പി.എച്ച്.ഡി.-യുമെല്ലാം എടുത്തിട്ടുള്ളവരുമുണ്ട്. ഗർഭിണികളെയും കുഞ്ഞുങ്ങളെയും പരിരക്ഷിക്കുക എന്നുള്ളതാണ് അവരുടെ പ്രധാനപ്പെട്ട ജോലി. ഗർഭിണികളെ പ്രൈമറി ഹെൽത്ത് സെന്ററിൽ കൊണ്ടുപോയി പേരുകൾ രജിസ്റ്റർ ചെയ്യുക, അവരെ പരിചരിക്കുക, അഞ്ച് വയസിൽത്താഴെ പ്രായമുള്ള കുഞ്ഞുങ്ങളുടെ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കാവശ്യമായിട്ടുള്ള ചുമതലകൾ വഹിക്കുക, കൗമാരപ്രായക്കാരായ

പെൺകുട്ടികളുടെ ആരോഗ്യ പരിരക്ഷയ്ക്കും മറ്റുമുള്ള ക്ലാസുകൾ എടുക്കുക, ഇത്തരത്തിൽ കേരളത്തിന്റെ പുതിയ തലമുറയെ വാർത്തെടുക്കുന്ന, സ്ത്രീസമൂഹത്തെ വലിയ തോതിൽ പരിരക്ഷിക്കുന്ന വളരെ വലിയ സേവനം നടത്തുന്നവരാണ് 31549 ആശാ വർക്കർമാർ. അവർക്ക് അർഹമായ പരിഗണന ലഭിക്കുന്നില്ലെന്നുള്ള വിഷയം കഴിഞ്ഞ നിയമസഭയിലും ചർച്ച ചെയ്യപ്പെട്ടതാണ്. കഴിഞ്ഞ നിയമസഭയിൽ എന്റെ സഹപ്രവർത്തക ശ്രീമതി പി. അയിഷാ പോറ്റി ഒരു സബ്മിഷൻ ഇവിടെ അവതരിപ്പിച്ചിരുന്നു. അന്ന് അവരുടെ പ്രശ്നങ്ങൾക്കെല്ലാം ന്യായമായ പരിഹാരം കണ്ടെത്താമെന്നാണ് ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി നിയമസഭയിൽ അറിയിച്ചത്. 07-02-2013-ൽ ഒരു ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടിയിൽ 13.43 കോടി രൂപ 2011 ഏപ്രിൽ മാസം മുതൽ ഇതുവരെ അവർക്ക് ഓണറേറിയം കൊടുത്തിട്ടുണ്ടെന്ന് പറഞ്ഞിട്ടുണ്ട്. 500 രൂപ വീതമുള്ള പ്രതിമാസ ഓണറേറിയം കണക്കാക്കിയാലും അവർക്ക് 18 കോടി രൂപയാണ് നൽകേണ്ടത്. ഒരു വർഷവും ഏഴ് മാസവും, ഒന്നര വർഷത്തിലധികം കാലത്തെ വേതനമാണ് ഇപ്പോൾ നൽകിയിട്ടുള്ളത്. അത് വളരെ പരിമിതമാണ്. അവർക്ക് അർഹമായിട്ടുള്ള പണം ലഭിച്ചിട്ടില്ലായെന്നതാണ് ആ കണക്കുകളിൽ നിന്ന് വ്യക്തമാകുന്നത്. ആശാ വർക്കേഴ്സിന് 600 രൂപയായി ഓണറേറിയം വർദ്ധിപ്പിച്ചുകൊടുക്കുമെന്നാണ് കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി പ്രഖ്യാപിച്ചത്. ഈ പണം ഇതുവരെ ലഭിച്ചിട്ടില്ല. യഥാർത്ഥത്തിൽ അവർക്ക് 3,000 രൂപയെങ്കിലുമായി ഓണറേറിയം വർദ്ധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് സത്വരമായ നടപടി സ്വീകരിക്കണം. അവർക്ക് നൽകാനുള്ള കുടിശ്ശികത്തുക ഉടനെ കൊടുക്കണം. 600 രൂപ വച്ചുള്ള ഓണ

റേറിയത്തിന്റെ കുടിശ്ശിക നൽകണം. അതുപോലെതന്നെ അവരുടെ ഓണറേറിയം വർദ്ധിപ്പിച്ച് ആവശ്യമായ പരിരക്ഷ നൽകണമെന്നതാണ് ബഹുമാനപ്പെട്ട മന്ത്രി മുമ്പാകെ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): സർ, നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ കീഴിൽ 31549 ആശാ പ്രവർത്തകരാണുള്ളത്. സമൂഹത്തെ ആരോഗ്യ വകുപ്പുമായി ബന്ധിപ്പിക്കുന്ന കണ്ണിയായിട്ടാണ് ആശാ പ്രവർത്തകരെ കണക്കാക്കുന്നത്. ആയിരം പോർക്ക് ഒരു ആശാ പ്രവർത്തക എന്ന അനുപാതത്തിലാണ് ഇവരെ നിയമിച്ചിട്ടുള്ളത്. സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങളാണ് പ്രധാനമായും ആശാ വർക്കർമാർ കൈകാര്യം ചെയ്യുന്നത്. ഇവർക്ക് പ്രതിമാസം 300 രൂപ എന്ന നിലയിൽ ഓണറേറിയം നൽകുന്നതിനാവശ്യമായ ഫണ്ട് സർക്കാർ എൻ.ആർ.എച്ച്.എം-ന് നൽകിവരുന്നു. ഈ അലവൻസിന് പുറമെ, ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ കുഞ്ഞുങ്ങളെ പ്രതിരോധ കുത്തിവയ്പ്പിന് കൊണ്ടുപോകുക, ഒരു കുട്ടിക്ക് 20 രൂപയും കുട്ടിയുടെ മുഴുവൻ ഇമ്മ്യൂണൈസേഷനും പൂർത്തീകരിച്ചാൽ 100 രൂപയും, ഗർഭിണിയുടെ ഗർഭകാല പരിചരണം, പ്രസവംവരെ അവരെ സഹായിക്കുക, ആശുപത്രിയിൽ കൊണ്ടുപോകുന്നതിനും മറ്റും ഒരാൾക്ക് 200 രൂപ, വന്ധ്യംകരണ ക്യാമ്പിൽ ആളെ കൊണ്ടുവരുക - ഒരാൾക്ക് 150 രൂപ, വാർഡ് ഹെൽത്ത് സാനിട്ടേഷൻ യോഗത്തിൽ പങ്കെടുക്കുക- പ്രതിമാസം 100 രൂപ, പ്രതിമാസം ആശാ മീറ്റിംഗിൽ പങ്കെടുക്കുക - 100 രൂപ, സ്ത്രീകൾക്ക് ഗർഭനിരോധന ഉപക

രണം നിക്ഷേപിക്കാൻ ആശുപത്രിയിൽ കൊണ്ടുവരിക - ഒരാൾക്ക് 20 രൂപ എന്നീ നിരക്കിലും പ്രത്യേകം പ്രത്യേകം ഇൻസെന്റീവ് നൽകുന്നുണ്ട്. ജൂലൈ 2011-ലെ ബഡ്ജറ്റിൽ സർക്കാർ ഫണ്ടിൽ നിന്നും നൽകിവന്നിരുന്ന ഓണറേറിയം 300 രൂപയിൽ നിന്ന് ഈ സർക്കാർ 500 രൂപയായി വർദ്ധിപ്പിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നതനുസരിച്ച് അലവൻസ് 500 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2012-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഈ തുക 600 രൂപയായി വർദ്ധിപ്പിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. 500 രൂപ പെൻഡിംഗുള്ളത് ഈ മാസം 22-ാം തീയതി മുതൽ കൊടുത്തു തുടങ്ങുന്നതാണ്. അതുപോലെതന്നെ 2012-ലെ ബഡ്ജറ്റിൽ 600 രൂപയായി പ്രഖ്യാപിച്ച തുക നൽകുന്നതിനുവേണ്ടിയുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. ഇതുകൂടാതെ അവർക്ക് നൽകിവരുന്ന ഇൻസെന്റീവ് തുക വർദ്ധിപ്പിക്കുന്നതിന് കേന്ദ്രാനുമതി തേടിയിട്ടുമുണ്ട്.

## സർക്കാർ എയ്ഡഡ് മേഖലയിലെ പ്രീ-പ്രൈമറി അദ്ധ്യാപികമാർക്ക് ഓണറേറിയം

ശ്രീമതി കെ. എസ്. സലീഖ: സർ, സംസ്ഥാനത്ത് എയ്ഡഡ് സർക്കാർ മേഖലയിൽ പ്രീ-പ്രൈമറി സ്കൂളുകളിൽ ആകെയുള്ള നാലായിരം അദ്ധ്യാപകരിൽ മൂവായിരത്തിലധികം പേർക്ക് ഒരു വർഷമായി ശമ്പളമില്ല. സർക്കാർ നടത്തുന്ന പ്രീ-പ്രൈമറി കോഴ്സ് പാസായിട്ടില്ലെന്നതാണ് ശമ്പളം നിഷേധിക്കാൻ പറയുന്ന കാരണം. എന്നാൽ ഇവരെല്ലാം സർക്കാർ കോഴ്സിന് തത്തുല്യമായി സ്വകാര്യ സ്ഥാപനങ്ങൾ നടത്തുന്ന കോഴ്സുകൾ വർഷങ്ങൾക്ക് മുമ്പ് തന്നെ ജയിച്ചുവന്നിട്ടുള്ളവരാണ്. 15 മുതൽ 24 വർഷം വരെ

സർവ്വീസിലുള്ളവരും ശമ്പളം നിഷേധിക്കപ്പെട്ടവരുടെ കൂട്ടത്തിലുണ്ടെന്നുള്ള താണ് ഒരു പ്രശ്നം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇവർക്ക് ഓണറേറിയം നൽകിയിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം അടിസ്ഥാന യോഗ്യതയുള്ളവർക്കെല്ലാം 5,000 രൂപ ഓണറേറിയം നൽകണമെന്ന് ബഹു മാനപ്പെട്ട ഹൈക്കോടതി ഉത്തരവിട്ടിട്ടും അതിനെതിരെ സുപ്രീംകോടതിയിൽ പോകുന്ന സമീപനമാണ് സ്വീകരിച്ചത്. ബഹുമാനപ്പെട്ട സുപ്രീംകോടതി തന്നെ ഇവർക്ക് 5,000 രൂപ നൽകുന്നതിനെതിരെയാണോ കോടതിയിൽ വരുന്നതെന്ന വിമർശനമുൾപ്പെടെ ഉന്നയിക്കപ്പെട്ടിരുന്നു. കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം അനുസരിച്ച് പ്രീ-പ്രൈമറി വിദ്യാഭ്യാസം സാർവത്രികമാ ക്കണമെന്നിരിക്കെയാണ് സംസ്ഥാന സർക്കാർ ഈ സംവിധാനത്തെ കഴുത്തുഞെരിച്ച് കൊല്ലുന്ന രീതിയിലുള്ള സമീപനം എടുത്തിട്ടുള്ളത്. പിന്നോക്ക ജില്ലയായ വയനാട് ജില്ലയിലുൾപ്പെടെ 250 പേരിൽ 4 പേർക്ക് മാത്രമാണ് ഇപ്പോൾ ആനുകൂല്യം ലഭിച്ചുകൊണ്ടിരിക്കുന്നത്. മറ്റു ജില്ലകളും വ്യത്യസ്തമല്ല. അടിസ്ഥാനയോഗ്യതയുള്ള കോഴ്സ് പാസ്സായിട്ടില്ല എന്ന പേരിൽ ആനുകൂല്യം നിഷേധിക്കപ്പെടുമ്പോൾ സർവ്വീസിലുള്ളവർക്ക് ഗവൺമെന്റ് അതിനനുസരിച്ചുള്ള പരിശീലനം നൽകി അവരെ നിലനിർത്തു ന്നതിനുള്ള നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കേണ്ടത്. അതല്ലാത്ത നിലപാട് കാടത്തമാണെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ദശാബ്ദങ്ങ ളോളം പിഞ്ചുകുട്ടികൾക്ക് ആദ്യക്ഷരം പകർന്നു നൽകിയ ഈ അദ്ധ്യാപകരെ പട്ടിണിക്കിടുന്നത് സർക്കാരിന് ഒരിക്കലും ഭൂഷണമല്ല. ആയതിനാൽ 1988 മുതൽ ഈ മേഖലയിൽ പണിയെടുക്കുന്ന സമസ്ത ജീവനക്കാർക്കും പ്രയോ

ജനപ്പെടുത്തുന്ന രീതിയിൽ സർക്കാർ ഇക്കാര്യത്തിൽ ഉത്തരവിറക്കണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് ഉന്നയിക്കാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, ആവശ്യത്തിന് സ്ഥലസൗകര്യമുള്ള സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പ്രീ-പ്രൈമറി ക്ലാസുകൾ ആരംഭിച്ച് സ്വന്തം ചെലവിൽ നടത്തിക്കൊണ്ടുപോകാൻ പി.റ്റി.എ-കൾക്ക് അനുവാദം നൽകി 6.2.1988-ലെ ജി.ഒ. നമ്പർ 465/88/പൊതുവിദ്യാഭ്യാസ വകുപ്പു പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് 5.7.1988-ലെ സർക്കാർ ഉത്തരവ് നമ്പർ 2453/88 പൊതുവിദ്യാഭ്യാസ വകുപ്പുപ്രകാരം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളിൽ ഇത്തരം പ്രീ-പ്രൈമറി ക്ലാസ്സുകളിലെ അദ്ധ്യാപകരായി നിയമിക്കപ്പെടാനുള്ള യോഗ്യത പത്താം ക്ലാസ് വിജയവും സർക്കാർ അംഗീകൃത പി.പി.റ്റി.ഐ-കളിൽ നിന്നുള്ള വിജയകരമായ പരിശീലനവും ആയയുടെ യോഗ്യത ഏഴാം ക്ലാസ് വിജയവുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിൽ പ്രീ-പ്രൈമറി ക്ലാസ്സുകൾ ആരംഭിക്കാൻ പി.റ്റി.എ.-കൾക്ക് അനുവാദം നൽകിയിട്ടില്ല. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.റ്റി.എ. നടത്തി വരുന്ന പ്രീ-പ്രൈമറി സ്കൂളിലെ യോഗ്യതയുള്ള പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും പ്രതിമാസ ഓണറേറിയം യഥാക്രമം 5,000 രൂപയും 3,500 രൂപയുമായി ഉയർത്തി നിശ്ചയിച്ച് 7.12.2012-ലെ ജി.ഒ. (എം.എസ്) 385/12/പൊതുവിദ്യാഭ്യസ വകുപ്പുപ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ഈ ആവശ്യത്തിലേയ്ക്ക് വേണ്ടിവന്ന തുക അനുവദിക്കുകയും

ചെയ്തിട്ടുണ്ട്. കൂടാതെ 1.8.2012-ൽ ഒരു വർഷമെങ്കിലും സേവനം പൂർത്തിയാക്കിയതും സർക്കാർ ഇപ്പോൾ നിശ്ചയിച്ച യോഗ്യത നേടാത്തവരുമായ പ്രീ-പ്രൈമറി ജീവനക്കാർക്കുകൂടി സർക്കാർ നിശ്ചയിക്കുന്ന നിബന്ധനകൾക്കു വിധേയമായി വർദ്ധിപ്പിച്ച നിരക്കിൽ ഓണറേറിയം അനുവദിക്കുവാൻ 52618/പി.1/2/പൊതുവിദ്യാഭ്യാസ ഫയൽ പ്രകാരം സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

## പരിസ്ഥിതിവിരുദ്ധ പ്രവർത്തനങ്ങളുടെ നിയന്ത്രണം

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഈ സബ്മിഷന്റെ ഹെഡ്ഡിംഗിൽ ഒരു പ്രശ്നമുണ്ട്. വന്യജിവി സങ്കേതങ്ങളുടെയും ദേശീയ ഉദ്യാനങ്ങളുടെയും ചുറ്റുമുളള പരിതസ്ഥിതിവിരുദ്ധ പ്രവർത്തനങ്ങൾ നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്കുളള സബ്മിഷൻ എന്നാണ് ഹെഡ്ഡിംഗായി പറഞ്ഞിട്ടുളളത്. എന്നാൽ പരിസ്ഥിതി വിരുദ്ധ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിൽ ഞങ്ങൾക്ക് യാതൊരു അഭിപ്രായ വ്യത്യാസവുമില്ല. ഇതുമായി ബന്ധപ്പെട്ട് ശ്രീ. വി.ഡി. സതീശൻ കമ്മിറ്റിയാണ് ഇടുക്കിയിൽ സിറ്റിംഗ് നടത്തിയിട്ടുളളത്. മൂന്ന് കമ്മിറ്റികൾ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. അതിൽ ശ്രീ. വി.ഡി. സതീശൻ കമ്മിറ്റിയുടെ സിറ്റിംഗിനെത്തുടർന്ന് ആളുകളുടെ ഇടയിൽ വലിയ ആശങ്കയുണ്ടായിട്ടുണ്ട്. ഈ ആശങ്കകൾ അകറ്റുന്നതിന് സർക്കാർ സ്വീകരിച്ച നടപടിയാണ് എന്റെ സബ്മിഷനായി ഞാൻ അവതരിപ്പിക്കുന്നത്. 16.1.2013-ലാണ് ഈ കമ്മിറ്റിയുടെ സിറ്റിംഗ് നടന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഗാഡ്ഗിൽ റിപ്പോർട്ടുമായി ബന്ധപ്പെട്ട് നിയമസഭ ഐകകണ്ഠേന പാസ്സാക്കിയ പ്രമേയത്തിനുശേഷമാണ് 16.1.2013-ൽ ഇത്ത

രമൊരു സിറ്റിംഗ് ഇടുക്കിയടക്കമുള്ള കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ മൂന്ന് കമ്മിറ്റികളുടെ ഭാഗമായി നടന്നത്. ഇത് ആളുകളുടെ ഇടയിൽ വീണ്ടും ആശങ്കയ്ക്ക് വഴി തെളിച്ചിട്ടുണ്ട്. വന്യജീവി സങ്കേതത്തിന്റെ രണ്ട് കിലോമീറ്റർ ചുറ്റളവിൽ വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് നിയന്ത്രണം കൊണ്ടുവരുന്നു എന്നുള്ളതാണ് ഇതിന്റെ ഭാഗമായി മനസ്സിലാകുന്നത്. അതോടൊപ്പം തന്നെ അവിടെ നിലവിലുള്ള ആളുകളുടെ ജീവിതത്തെ ബാധിക്കുന്ന ഒട്ടനവധി നിർദ്ദേശങ്ങളുമുണ്ട്. 26-ഓളം വരുന്ന ക്വസ്റ്റ്യനെയറുകളാണ് എം.എൽ.എ-മാരെന്ന നിലയിൽ അതിൽ പങ്കെടുത്തതുകൊണ്ട് ഞങ്ങൾക്ക് തന്നിരുന്നത്. ഏതാണ്ട് 20-ഓളം കാര്യങ്ങളോട് വിയോജിപ്പ് പറയുകയും പരിസ്ഥിതിക്ക് ദോഷമായി വരുന്ന കാര്യങ്ങൾ നിയന്ത്രിക്കപ്പെടേണ്ടതാണെന്ന അഭിപ്രായം ഞങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു. എന്നാൽ ഇപ്പോൾ കൊടുത്തിട്ടുള്ള ശുപാർശകൾ എന്താണെന്നറിയുന്നതിന് ആഗ്രഹമുണ്ട്. ഏത് സാഹചര്യത്തിലാണ് ഇത്തരമൊരു കമ്മിറ്റിയെ നിയോഗിച്ചത്? ഗാഡ്ഗിൽ ആയാലും, ഇ.എഫ്.എൽ. ആയാലും ഇക്കോളജിക്കലി സെൻസിറ്റീവ് സോണായാലും ഏത് രൂപത്തിലാണെങ്കിലും ഞങ്ങൾക്ക് പെരുവഴിയിൽ നിന്ന് സമരം ചെയ്യുന്നതിനോട് താത്പര്യമില്ലെന്നുള്ളതുകൊണ്ട്, ബഹുമാനപ്പെട്ട ഗവൺമെന്റ്, പ്രത്യേകിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഇത്തരമൊരു പ്രമേയം നിയമസഭയിൽ അവതരിപ്പിക്കുകയും പാസാക്കുകയും ചെയ്തിരിക്കുന്നു. അതുമായി ബന്ധപ്പെട്ട് കസ്തൂരിരംഗൻ കമ്മിറ്റിയുടെ സിറ്റിംഗ് നടക്കാനിരിക്കെ ഇക്കോളജിക്കലി സെൻസിറ്റീവ് സോണെന്ന പേരിൽ സിറ്റിംഗുകൾ വരുന്നതിനും ആളുകളിൽ പുതിയ ആശങ്ക ഉണ്ടാക്കു

ന്നതിനും ഉണ്ടായ സാഹചര്യമെന്താണെന്ന് വ്യക്തമാക്കണം. ജനങ്ങളുടെ ആശങ്ക ഒഴിവാക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കണം.

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, ഈ സബ്മിഷൻ വളരെ പ്രധാനപ്പെട്ട വിഷയമാണ്. ശ്രീമതി ഇ. എസ്. ബിജിമോൾ ഇവിടെ അവതരിപ്പിച്ച വിഷയത്തിന് മറുപടി പറയാൻ ഒരവസരം തന്നതിൽ ഞാൻ നന്ദി പറയുകയാണ്. ഭരണ-പ്രതിപക്ഷ ബഞ്ചിലെ മുഴുവൻ അംഗങ്ങളും ദയവുചെയ്ത് എന്റെ മറുപടി ശ്രദ്ധയോടെ കേൾക്കണം. ബഹുമാനപ്പെട്ട സുപ്രീംകോടതി 2002-ൽ ദേശീയ വന്യജീവി ബോർഡ്, വന്യജീവി സങ്കേതങ്ങളുടെ 10 കിലോമീറ്റർ റേഡിയസിൽ യാതൊരുവിധ പാരിസ്ഥിതികവിരുദ്ധ പ്രവർത്തനങ്ങൾ അതായത് പാറ ഖനനം, വൻതോതിലുള്ള മണൽ ഖനനം, ജലത്തിന്റെ അമിതമായ ചൂഷണം, സ്ഫോടകവസ്തുക്കൾ ഉപയോഗിച്ചുള്ള സ്ഫോടനങ്ങൾ ഇവയെല്ലാം തടയണമെന്ന് ഒരു നിർദ്ദേശം കൊണ്ടുവന്നു. ആ നിർദ്ദേശത്തെക്കുറിച്ച് സംസ്ഥാനങ്ങളുടെ അഭിപ്രായം ചോദിച്ചപ്പോൾ, ഗോവ സർക്കാർ ഞങ്ങൾക്ക് ഒരു കിലോമീറ്റർ പോലും പറ്റില്ല, ഞങ്ങളുടെ നിലപാട് സീറോയാക്കി ഈ പ്രദേശങ്ങളെ നിർത്താം എന്ന നിലപാടാണ് സ്വീകരിച്ചത്. അതായത് പറയുന്ന കാര്യങ്ങളൊന്നും ചെയ്യാൻ സാധിക്കില്ല എന്ന നിർദ്ദേശമാണ് എടുത്തത്. ഈ നിർദ്ദേശം ബഹുമാനപ്പെട്ട സുപ്രീംകോടതി തള്ളി. പറമ്പിക്കുളം ഉൾപ്പെടുന്ന പ്രദേശത്തെ എം.എൽ.എ.ആയ ശ്രീ. വി. ചെന്താമരാക്ഷൻ ഇവിടെയുണ്ട്, അദ്ദേഹത്തിനിതറിയാം. ബഹുമാനപ്പെട്ട സുപ്രീംകോടതി ഒരു നിരോധനമേർപ്പെടുത്തി. ആ നിരോധനത്തിൽ പറയുന്നത് സാങ്ച്വറി വഴിയുള്ള എല്ലാ വാഹനഗതാഗതങ്ങളും തടഞ്ഞിരിക്കുന്നു എന്നാണ്. ഉദാഹരണത്തിന്, തമിഴ്നാട്ടിലെ ആനമല സാങ്ച്വറി വഴിയാണ് നമ്മൾ പറമ്പിക്കുളത്തേയ്ക്ക്

പോകുന്നത്. പറമ്പിക്കുളത്തേയ്ക്ക് പോകാൻ നമുക്ക് മറ്റൊരു മാർഗ്ഗമില്ല. ആനമല സാങ്ച്വറിയെ കംപ്ലീറ്റ്ലി സാങ്ച്വറിയായി പ്രഖ്യാപിച്ചു. പക്ഷേ നമ്മുടെ മുൻകാലങ്ങളിലെ ഏതോ വൈദഗ്ധ്യമുള്ള ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർ കേരളത്തിലെ സാങ്ച്വറികളായ തേക്കടി, പറമ്പിക്കുളം അടക്കമുള്ള സാങ്ച്വറികളിലെ 50 ഹെക്ടറോളം സ്ഥലം ബഫർ സോണായി സൂക്ഷിച്ചു. സൈലന്റ് വാലിക്ക് ബഫർ സോണുണ്ട്. ബഫർ സോണായി സൂക്ഷിച്ചതു കൊണ്ട് നമുക്ക് തേക്കടിയിലേയ്ക്ക് പോകുന്നതിന് ബുദ്ധിമുട്ടുണ്ടായില്ല. അല്ലെങ്കിൽ തേക്കടിയിലെ മുഴുവൻ ടൂറിസം ആക്ടിവിറ്റികളും ബോട്ടിംഗും നിർത്തിവയ്ക്കണമായിരുന്നു. കുമളി മുതൽ തേക്കടി വരെയുള്ള വഴിയും പെരിയാർ ഡാമിനടുത്തുള്ള വഴിയുമെല്ലാം അടയ്ക്കണമായിരുന്നു. ഇതൊന്നും വേണ്ടിവരാത്തത് നമുക്ക് ബഫർ സോണുള്ളതുകൊണ്ടാണ്. എന്നാൽ തമിഴ്നാടിന് ബഫർ സോണില്ല. അതുകൊണ്ട് അവരവിടെ പ്രവേശനം തടഞ്ഞു. അപ്പോൾ പബ്ലിക് ട്രാൻസ്പോർട്ട് ബസിൽ വരുന്നവരെ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ വണ്ടിയിൽ കയറ്റി കൊണ്ടുപോകാമെന്ന് ഞങ്ങൾ തീരുമാനിച്ചു. പറമ്പിക്കുളത്തെ ഏകദേശം 250-ഓളം വരുന്ന ആദിവാസി കുടുംബങ്ങൾ ജീവിക്കുന്നത് ടൂറിസത്തെയും വനം വകുപ്പിനെയും ആശ്രയിച്ചാണ്. അവരുടെ തൊഴിൽ മുഴുവൻ നഷ്ടപ്പെട്ടു. ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് ഇതെല്ലാമറിയാം. നാട്ടുകാർക്ക് എന്തെങ്കിലും അസുഖം വന്നാൽ പുറത്തേയ്ക്ക് കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യം ഈ ഉത്തരവിലൂടെ അവിടെ ഉണ്ടായി. ഇത് റിവ്യൂ ചെയ്യണമെന്നാവശ്യപ്പെട്ട് ഇന്ത്യാ ഗവൺമെന്റും കേരള സർക്കാരിന്റെ വക്കീലുമടക്കമുള്ളവർ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ചപ്പോൾ റിവ്യൂ ചെയ്യാൻ ബഹുമാനപ്പെട്ട സുപ്രീം കോടതി തയ്യാറായി. ബഹുമാനപ്പെട്ട അംഗം ശ്രീമതി ഇ. എസ്. ബിജിമോൾ

ഒരു കാര്യം മനസ്സിലാക്കണം, മാധവ് ഗാഡ്ഗിൽ കമ്മിഷൻ റിപ്പോർട്ടും ഇതും വളരെ വ്യത്യസ്തമായ രണ്ടു കാര്യങ്ങളാണ്. മാധവ് ഗാഡ്ഗിൽ കമ്മിഷൻ റിപ്പോർട്ട് എന്നു പറയുന്നത് കേരളം ഉൾപ്പെടുന്ന പശ്ചിമഘട്ടം, അതായത് മഹാരാഷ്ട്ര മുതൽ വ്യാപിച്ചു കിടക്കുന്ന പശ്ചിമഘട്ടത്തിന്റെ മാനേജ്മെന്റി നെക്കുറിച്ചുള്ള ഒരു റിപ്പോർട്ടാണ്. ആ റിപ്പോർട്ടിനെക്കുറിച്ച് സഭയിൽ പ്രതി ഫലിച്ചതും മുഖ്യമന്ത്രിയും ഞങ്ങളെല്ലാവരും പറഞ്ഞതും വ്യക്തമായി ഗ്രൗണ്ട് റിയാലിറ്റി മനസ്സിലാക്കാതെ, ജനപ്രതിനിധികളുമായും പൊതുപ്ര വർത്തകരുമായും സംവദിക്കാതെ ഏകപക്ഷീയമായി എടുത്ത ഒരു റിപ്പോർട്ട് എന്നുള്ള നിലയിൽ ആ റിപ്പോർട്ടിനെ എതിർക്കുവാൻ ഈ സഭ തീരുമാനിച്ചു. അത് വ്യത്യസ്തമായതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ളീസ് കൺക്ളൂഡ്....

ശ്രീ. കെ. ബി. ഗണേഷ്കുമാർ: സർ, അല്പം സമയം തരണം. ഇതൊരു കൺഫ്യൂഷനുണ്ടാക്കിയ വിഷയമാണ്. കേരളത്തിൽ വനം വകുപ്പുമന്ത്രി ശ്രീ. വി.ഡി. സതീശനേയും ശ്രീ. ടി. എൻ. പ്രതാപനേയും വച്ച് എന്തോ ഒരു ഓപ്പറേഷൻ നടത്തി എന്നുള്ളതാണ്. അങ്ങനെയൊന്നുമില്ല. എല്ലാവരും വ്യക്തമായി കാര്യം മനസ്സിലാക്കണം. എങ്ങനെ ഈ കമ്മിറ്റിയു ണ്ടായി എന്നു ചോദിച്ചാൽ ഞാൻ മറുപടി പറയാം. അങ്ങനെ ബഹുമാന പ്പെട്ട സുപ്രീംകോടതി ഫെബ്രുവരി മാസം 15-ന് മുമ്പ് സംസ്ഥാനങ്ങൾ അവ രുടെ വന്യജീവി സങ്കേതങ്ങളും അതിനുചുറ്റുമുള്ള പ്രദേശങ്ങളും എങ്ങനെ മാനേജ് ചെയ്യാൻ പോകുന്നുവെന്ന് സുപ്രീംകോടതിയെ അറിയിക്കണമെന്ന് പറഞ്ഞു. അപ്പോൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ അറിയിക്കണോ? അല്ലെങ്കിൽ ഒരു കാര്യം ചെയ്യാം. മിണ്ടാതിരുന്നാൽ മതി. മിണ്ടാതിരുന്നാൽ അവിടെ നിന്ന് കിട്ടുന്നതെന്തെന്നു വച്ചാൽ വാങ്ങാം. മറിച്ച് ഞാൻ ചെയ്തത്

കുറ്റമാണോ? ഞാനെന്തു ചെയ്തു? കേരളത്തിലെ വൈൽഡ് ലൈഫ് ബോർഡിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രീമതി ഇ.എസ്. ബിജി മോൾ, ശ്രീ. കെ. രാജു, ശ്രീ. കെ. കെ. ജയചന്ദ്രൻ എന്നിവരായിരുന്നു എം. എൽ.എ.-മാർ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ശ്രീ. ടി. എൻ. പ്രതാപൻ, ശ്രീ. വി. ഡി. സതീശൻ, ശ്രീ. എൻ. ഷംസുദ്ദീൻ എന്നീ മൂന്ന് എം. എൽ.എ.-മാരാണ് ഈ കമ്മിറ്റി റീ-കോൺസ്റ്റിറ്റ്യൂട്ട് ചെയ്തപ്പോൾ വന്നത്. അപ്പോൾ ഞാൻ ഇതിനുവേണ്ടി ഒരു സബ് കമ്മിറ്റിയുണ്ടാക്കി. കാരണം ജന ങ്ങളുമായി ആര് സംസാരിക്കും? ജനപ്രതിനിധികളായ എം.എൽ.എ.-മാർ ഒരു കമ്മിറ്റിയെ നയിച്ചാൽ ഉദ്യോഗസ്ഥന്മാരോട് സംവദിക്കാനും അവരെ നിയന്ത്രിക്കാനും കഴിയും. പരിസ്ഥിതി പ്രവർത്തകരും പത്രപ്രവർത്ത കരുമെല്ലാം ഈ കമ്മിറ്റിയിൽ ഉൾപ്പെട്ടിട്ടുണ്ട്. അവരെ അയച്ചുകഴിഞ്ഞാൽ അവരോട് സർക്കാർ ഉദ്യോഗസ്ഥർ ശരിയായ രീതിയിൽ പ്രതികരിക്കില്ല, ജന പ്രതിനിധികൾ സഹകരിക്കില്ല. അങ്ങനെ ഈ കമ്മിറ്റി പോകുകയും എല്ലാവ രുടേയും അഭിപ്രായങ്ങൾ കമ്മിറ്റി ഏകോപിപ്പിക്കുകയും ചെയ്തു. അല്ലാതെ ഒരാളെയും എന്റെ ഇഷ്ടത്തിന് നിയമിച്ചതല്ല; ഗണേഷ് കുമാറിന്റെ താല്പര്യത്തിന് വച്ചതല്ല. ഞാൻ ചെയ്തത് ഈ നാടിന്റെ നന്മയ്ക്കുവേണ്ടി യാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി ഗോവയിൽ പറഞ്ഞതുപോലെ 10 കിലോമീറ്റർ തന്നെ വേണമെന്ന് പ്രഖ്യാപിച്ചാൽ അതിന്റെ ദോഷഫലം നമ്മ ളെല്ലാവരും അനുഭവിക്കേണ്ടി വരും. എന്റെ നിയോജകമണ്ഡലവും കാടിന ടുത്താണ് വരുന്നത്, ഞാനും അനുഭവിക്കേണ്ടി വരും. പക്ഷേ അവിടെ ഒരു സാങ്ച്വറിയില്ല. വെറും ഫോറസ്റ്റ് മാത്രമേയുള്ളൂ. ഫോറസ്റ്റിൽ ഇത് ബാധക മല്ല. വൈൽഡ്ലൈഫ് സാങ്ച്വറിയിൽ മാത്രമേ ഇത് ബാധകമുള്ളൂ. അങ്ങനെ വരുമ്പോൾ പറമ്പിക്കുളത്ത് ഇത് ബാധകമാകും. തേക്കടിയും കുമളിയും

അടങ്ങുന്ന പ്രദേശങ്ങളിൽ വൻതോതിൽ പാറഖനനം അനുവദിക്കണമോ എന്ന ചോദ്യം ഞാൻ ബഹുമാനപ്പെട്ട അംഗം ശ്രീമതി ഇ.എസ്. ബിജി മോളോട് ചോദിക്കുകയാണ്. അങ്ങനെ വേണമെന്ന് ഏതെങ്കിലും ജനപ്രതിനി ധികളോ ജനങ്ങളോ പറയുമോ; വൻതോതിൽ ഭൂഗർഭജലം ചൂഷണം ചെയ്യാൻ അനുവദിക്കണമോ? ഇതുസംബന്ധിച്ച് മാത്രമേ ഈ കമ്മിറ്റി പഠി ച്ചിട്ടുള്ളൂ. 27 ചോദ്യോത്തരമുണ്ടെങ്കിൽ അതിനകത്ത് നമ്മൾ പറയുകയാണ്, തേക്കടിയോട് ചേർന്ന് കിടക്കുന്ന 2 കിലോമീറ്റർ ദൂരത്തിൽ പാറഖനനം പാടില്ല എന്ന്. ഇത് റവന്യൂ വകുപ്പുകൂടി ശ്രദ്ധിക്കേണ്ട കാര്യമാണ്. ഇലക്ട്രി സിറ്റി ബോർഡ് മാത്രമാണ് ഇതുമായി ബന്ധപ്പെട്ട് ഡാമുകളുടെ പ്രവർത്തന ങ്ങളെക്കുറിച്ചും പുതുതായി തുടങ്ങുന്ന ഡാമുകളുടെ പ്രവർത്തനത്തെക്കു റിച്ചും സജഷൻ തന്നത്. ആ സജഷൻ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ മുമ്പിൽ സമർപ്പിക്കാൻ കേന്ദ്രഗവൺമെന്റിന് സമയബന്ധിതമായി അയച്ചു കൊടുക്കണം. അല്ലാതെ കമ്മിറ്റിയെ നിയമിക്കാതെ ഉദ്യോഗസ്ഥന്മാരുടെ ഇഷ്ടംപോലെ ചെയ്യാൻ പറഞ്ഞാൽ എന്തായിരിക്കും ഫലമെന്ന് എന്നെ ക്കാളും കൂടുതൽ നിങ്ങൾക്കറിയാം. ഒരു കുഴപ്പവും ഇതിനകത്തില്ല. പാറ ഖനനം, വൻതോതിലുള്ള മണൽ ഖനനം, വൻതോതിലുള്ള ജലചൂഷണം എന്നിവയാണ്. അല്ലാതെ കേരളത്തിലെ ഡാമുകളെല്ലാം പൊളിച്ചുമാറ്റണമെന്നുപറയുന്ന മാധവ് ഗാഡ്ഗിൽ കമ്മിഷൻ പോലെയുള്ള ഒരു കമ്മിഷനല്ല. ജനങ്ങളുടെ ആവശ്യമെന്താണ്; അവരുടെ അത്യാവശ്യമെ ന്താണ് എന്ന് മനസ്സിലാക്കണം. ഒരു വൈൽഡ് ലൈഫ് സാങ്ച്വറിയെ എങ്ങനെ മാനേജ് ചെയ്യണം; അതിനു ചുറ്റുമുള്ള ഭാഗങ്ങളെ എങ്ങനെ മാനേജ് ചെയ്യണമെന്ന് പ്രാദേശികമായി താമസിക്കുന്ന ജനങ്ങളോടാണ് ചോദിക്കേണ്ടത്. ശ്രീമതി ഇ.എസ്. ബിജിമോൾ ഉൾപ്പെടെയുള്ള ഇടുക്കി ജില്ല

യിലെ എല്ലാ എം.എൽ.എ.-മാരും ആ ചർച്ചയിൽ പങ്കെടുത്തിരുന്നു. വളരെ പോസിറ്റീവായ ചർച്ചയായിരുന്നു. നിങ്ങളുടെയൊക്കെ താല്പര്യങ്ങളാണ് റിപ്പോർട്ട് ചെയ്തത്. അല്ലാതെ വേണമെങ്കിൽ വനം വകുപ്പിലെ ഉദ്യോഗ സ്ഥരോട് നിങ്ങളുടെ ഇഷ്ടത്തിന് എഴുതിക്കൊടുത്തോ എന്നു പറഞ്ഞാൽ എന്തായിരിക്കും സ്ഥിതി? റിപ്പോർട്ട് റെഡിയായി, കേന്ദ്ര ഗവൺമെന്റിന് ഇതുവരെ അയച്ചുകൊടുത്തിട്ടില്ല. എല്ലാ സംസ്ഥാനങ്ങളുടേയും കാര്യങ്ങൾ ഏകോപിപ്പിച്ചു കൊടുക്കേണ്ടത് കേന്ദ്രഗവൺമെന്റാണ്. അത് കൊടുക്കുന്നത് നിങ്ങളുടെ എല്ലാവരുടേയും അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടാണ്. അതിന കത്ത് ചോദ്യമില്ല. എം.എൽ.എ.-മാരുമായി അവിടെ വച്ച് സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ രണ്ടുമൂന്നു കാര്യങ്ങൾ വരുന്നുണ്ട്. ഇതിനകത്ത് വരുന്ന പ്രധാനപ്പെട്ട ഒരു പ്രശ്നം പാറഖനനമാണ്. ഏതെങ്കിലും വ്യക്തികൾക്കോ സംഘടനകൾക്കോ സമുദായ സംഘടനകൾക്കോ അതിനകത്ത് റോളുണ്ടോ? കൃഷി ചെയ്യുന്നതിന് തടസ്സമില്ല, വീട് വയ്ക്കുന്നതിന് തടസ്സമില്ല. പാറഖനനം ചെയ്യണ്ട, വലിയ ജെ.സി.ബി. കൊണ്ടുപോയി മല ഇടിച്ചുനിരത്തണോ? വേണമെങ്കിൽ അത് എല്ലായിടത്തും ഇടിച്ചുനിരത്താൻ എഴുതിക്കൊടുക്കാം. എനിക്കൊരു വിരോധവുമില്ല. വയനാട്ടിലും മൂന്നാറിലും വൻതോതിൽ മണ്ണി ടിച്ചു മാറ്റാൻ സമ്മതിക്കണമെങ്കിൽ അങ്ങനെ എഴുതിക്കൊടുക്കാം. രാഷ്ട്രീയം നോക്കാതെ എല്ലാ എം.എൽ.എ.-മാരുമായും ജനപ്രതിനിധികളു മായും സംസാരിച്ചിട്ടുണ്ട്. ഇത് യാതൊരു തരത്തിലും ദോഷം വരുന്ന വിഷയ മല്ല എന്ന് അറിയിക്കുകയാണ്

## കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് തടയണകൾ നിർമ്മിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, നമ്മുടെ സംസ്ഥാനമാകെ കൊടും വരൾച്ചയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ ജലാശയങ്ങളും ജലസ്രോതസ്സുകളുമെല്ലാം വറ്റിവരണ്ടുകൊണ്ടിരിക്കുകയാണ്. കുടിവെള്ള ക്ഷാമം രൂക്ഷമായി എന്നതിനെ സംബന്ധിച്ച് ഇന്നലെ സഭയിൽ അടിയന്തരപ്ര മേയം കൊണ്ടുവരികയുണ്ടായി. സഭയിൽ ഞാൻ ഈ സബ്മിഷൻ ഉന്നയി ക്കുന്നത് മൂന്നാമത്തെ പ്രാവശ്യമാണ്. സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട പുഴയാണ് ഭാരതപ്പുഴ. ഭാരതപ്പുഴയെ ആശ്രയിച്ചാണ് തൃശ്ശൂർ, പാലക്കാട്, മല പ്പുറം ജില്ലകളിലെ കുടിവെള്ളം വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. ഇന്ന് ഭാരതപ്പുഴ വറ്റിവരണ്ട് കിടക്കുകയാണ്. ജലസ്രോതസ്സുകളെല്ലാം വറ്റിവരണ്ട് കഴിഞ്ഞിരിക്കുകയാണ്. അതിന് പരിഹാരമെന്ന നിലയിൽ മുൻഗ വൺമെന്റിന്റെ കാലത്ത് മലബാർ പാക്കേജിൽ ഉൾപ്പെടുത്തിക്കൊണ്ട് തടയ ണകൾ കെട്ടാൻ തീരുമാനിച്ചിരുന്നു. ആ തടയണകൾ കെട്ടാൻ വേണ്ടിയുള്ള നടപടികൾ എടുത്തുവെങ്കിലും ഇത്ര കാലമായിട്ടും യാതൊന്നും ഫലത്തിൽ എത്തിയിട്ടില്ല. തടയണകളുടെ പ്രവർത്തനം എത്രയുംപെട്ടെന്ന് ആരംഭിക്കു മെന്ന് ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ സഭയിൽ ഉറപ്പു നൽകിയതാണ്. പക്ഷേ ഇപ്പോഴും അത് പ്രവൃത്തിപഥത്തിലെത്തിയിട്ടില്ല. എന്റെ മണ്ഡലത്തിൽ 3 തട യണകൾ മലബാർ പാക്കേജിലും ഒരു തടയണ റിവർ മാനേജ്മെന്റ് ഫണ്ടിലും ഒരു തടയണ ഇറിഗേഷൻ വകുപ്പ് നേരിട്ടും നടത്താനാണ് തീരുമാനിച്ചത്. ആ അഞ്ച് തടയണകളുടെയും പണി പൂർത്തീകരിച്ചെങ്കിൽ മാത്രമേ തൃശൂർ, പാല ക്കാട് ജില്ലകളിലെ കുടിവെള്ള വിതരണം നടത്താൻ സാധിക്കുകയുള്ളൂ. നിരന്തരമായി ആവശ്യപ്പെട്ടിട്ടും അത് നടപ്പിലാക്കാൻ കഴിയാത്ത സ്ഥിതി യാണ്. ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് വലിയ അനാസ്ഥയാണ് ഇക്കാര്യ

ത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഒരു ഭാഗത്ത് ഇത് നടന്നില്ല എന്ന് പറഞ്ഞുകൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണിക്കെതിരായും എം.എൽ.എ. എന്ന നിലയിൽ എനിക്കെതിരായുമുള്ള സമരം യു.ഡി.എഫ്. സംഘടിപ്പിക്കുകയാണ്. ഗവൺമെന്റാണെങ്കിൽ ഇത് നടപ്പിലാക്കാൻ തയ്യാറാകുന്നുമില്ല. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് ഇനി ഒരു സബ്മിഷൻ കൊണ്ടുവരാനുള്ള അവസരമുണ്ടാക്കാതെ എത്രയും പെട്ടെന്ന് ഈ അഞ്ചു തടയണകളുടേയും പണി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണം. ഇനി പറയുകയല്ല ചെയ്യുന്നത്, എന്തെങ്കിലും പ്രവർത്തിക്കേണ്ടി വരുമെന്നുകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ഭാരതപ്പുഴയ്ക്ക് കുറുകെ ചെറുതുരുത്തിയിൽ നിർമ്മാണമാരംഭിച്ച തടയണകളുടെ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ മരണപ്പെട്ടതിനാൽ പ്രസ്തുത പ്രവൃത്തി തടസ്സപ്പെടുകയുണ്ടായി. മരണപ്പെട്ട കോൺട്രാക്ടറുടെ നോമിനി പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത് നടത്താൻ വിസമ്മതിച്ചതിനാൽ പ്രസ്തുത കരാർ റദ്ദ് ചെയ്യേണ്ടി വന്നു. ബാക്കി തീർക്കേണ്ട പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പുതുക്കിയ ഷെഡ്യൂൾ പ്രകാരം തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തി റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെട്ടതായതിനാൽ റവന്യൂ വകുപ്പിൽനിന്നും പുതുക്കിയ ഭരണാനുമതി ലഭിക്കേണ്ടതുണ്ട്. പുതുക്കിയ ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കി പ്രവൃത്തി പുനരാരംഭിക്കുന്നതാണ്. ഇതിപ്പോൾ റവന്യൂ വകുപ്പിന്റെ മുമ്പാകെയിരിക്കുകയാണ്. കൂട്ടിൽമുക്ക് തടയണയുടെ നിർമ്മാണത്തിനായി സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

പൈങ്കുളം തടയണയുടെ ഭരണാനുമതിക്കുവേണ്ടി ഒമ്പതര കോടി രൂപയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ ഷെഡ്യൂൾ ഓഫ് റേറ്റ് പുതുക്കിയതിനാൽ എസ്റ്റിമേറ്റ് പതിനാറു കോടി രൂപയായി. അതിനെക്കുറിച്ച് പരിശോധിച്ചു വരുന്നു. കുടപ്പാറക്കയം തടയണ നിർദ്ദിഷ്ട സ്ഥലത്ത് പ്രായോഗികമല്ല എന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ലൊക്കേ ഷനിൽ തടയണ പണിയുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടന്നുവരുന്നു. പഴയപാലത്തിനടുത്ത് നിർമ്മിക്കാൻ നിശ്ചയിച്ച ചീരക്കുഴി തടയണയ്ക്ക് ഫണ്ടിന്റെ അഭാവംമൂലം അടുത്ത സാമ്പത്തിക വർഷ ത്തേയ്ക്ക് റിക്വസ്റ്റ് നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മുകളിൽപ്പറഞ്ഞ പ്രവൃത്തികൾ എത്രയുംവേഗം പൂർത്തിയാക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗ സ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## മൂർക്കനാട് കുടിവെള്ള പദ്ധതി

ശ്രീ. റ്റി. എ. അഹ്മദ് കബീർ: സർ, എന്റെ മണ്ഡലത്തിലെ മൂർക്കനാട് ഗ്രാമീണ കുടിവെള്ള പദ്ധതി പൂർത്തിയാക്കുന്ന കാര്യത്തിൽ അടിയന്തര നട പടി ആരംഭിക്കണമെന്നതാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. വർഷങ്ങളായി ഈ കുടിവെള്ള പദ്ധതി മുടങ്ങിക്കിടക്കുകയായിരുന്നു. പുതിയ സർക്കാർ വന്നതിനുശേഷം ജലവിഭവവകുപ്പുമന്ത്രിയുടെ പ്രത്യേക താൽപ്പര്യപ്രകാരം ഇന്ന് ആ പദ്ധതി വേഗതയിൽ നടക്കുന്നു. ഈ ഡിസംബ റിൽ ഈ പദ്ധതി പൂർത്തിയാക്കണമെന്നാണ് തീരുമാനിച്ചിരുന്നത്. എന്നാൽ അതിനനുസരിച്ച് കാര്യങ്ങൾ പോകുന്നുണ്ടോയെന്നുള്ളതാണ് ഇവിടെ മന്ത്രി വ്യക്തമാക്കേണ്ടത്. രണ്ടാമത്തെ കാര്യം, ഈ സഭയുടെ അഞ്ചാം സമ്മേളന ത്തിൽ ബഹുമാനപ്പെട്ട മന്ത്രി എനിക്ക് തന്ന മറുപടിയിൽ പറഞ്ഞിരുന്നത്

ഇതിന്റെ വിതരണശൃംഖലയുടെ കാര്യത്തിൽ ഫണ്ടിന്റെ അപര്യാപ്തതയുണ്ടെന്നാണ്. അങ്ങനെ വന്നാൽ മങ്കട മണ്ഡലത്തിലെ കൂട്ടിലങ്ങാടി, മങ്കട ഗ്രാമങ്ങളിൽ ഈ പദ്ധതിക്ക് യാതൊരു സാധ്യതയുമില്ലാതെ വരും. അതുകൊണ്ട് ആ ഫണ്ടുകൂടി നൽകി ഈ പദ്ധതി ഈ വർഷം ഡിസംബറോടുകൂടി കമ്മീഷൻ ചെയ്യാൻ കഴിയുന്ന രീതിയിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, മൂർക്കനാടിനും സമീപ വില്ലേജുകൾക്കുമായി രൂപകൽപ്പന നടത്തിയ കുടിവെള്ള പദ്ധതിക്ക് 28.74 കോടി രൂപയുടെ ഭരണാനുമതി നൽകി പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളതാണ്. അഞ്ച് ഘട്ടങ്ങളിലായാണ് പ്രധാനമായും പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളത്. കിണർ, പമ്പ്ഹൗസ്, റോ വാട്ടർ പമ്പിംഗ് മെയിൻ, ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി, ജലശുദ്ധീകരണശാലയുടെ പ്രവൃത്തികൾ തുടങ്ങിയവയാണ് എല്ലാ ഘട്ടങ്ങൾക്കും കൂടി വരുന്നത്. പൂതപ്പുഴയിൽ നിന്നും കിണറും പമ്പ് ഹൗസിന്റെ പ്രവൃത്തിയും 500 എം.എം.സി.ഐ ഗ്രാവിറ്റി മെയിൻ, റോ വാട്ടർ പമ്പ് സെറ്റ്, ഘട്ടം ഒന്ന് മുതൽ അഞ്ച് വരെയുള്ളതിന്റെ ക്ലിയർ വാട്ടർ പമ്പിംഗ് മെയിനും, റിസർവോയറിന്റെയും പ്രവൃത്തികളും പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതിയുടെ പ്രധാന ഘടകമായ ജലശുദ്ധീകരണ ശാലയുടെ പ്രവൃത്തി ആരംഭിച്ചെങ്കിലും കരാറുകാരന്റെ അനാസ്ഥമൂലം റിസ്ക്ക് ആന്റ് കോസ്റ്റിൽ കരാർ ടെർമിനേറ്റ് ചെയ്ത് പ്രവൃത്തി റീ ടെൻഡർ ചെയ്തിരിക്കുകയാണ്. ഇതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കി എത്രയുംവേഗം പണി തുടങ്ങുന്നതാണ്. ഘട്ടം-1, 3-ന്റെ വിതരണ ശൃംഖലയ്ക്ക് എസ്.എൽ.എസ്.എസ്.സി-യിൽ ഉൾപ്പെടുത്തി അനുമതി

നൽകുകയും ഘട്ടം 3-ന്റെ പ്രവൃത്തി പുരോഗമിച്ചുവരികയുമാണ്. ഘട്ടം 1-ന്റെ പ്രവൃത്തിക്ക് വേണ്ടിയുള്ള ഡീവിയേഷൻ പ്രൊപ്പോസൽ പരിശോധിച്ച് വരികയാണ്. കൂട്ടിലങ്ങാടി, മങ്കട പഞ്ചായത്തുകളിലേയ്ക്കുള്ള വിതരണ ശൃംഖല ജലനിധിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

## ജപ്പാൻ കുടിവെള്ള പൈപ്പ് ലൈനുകളുടെ ശോചനീയാവസ്ഥ

ശ്രീ. പി. തിലോത്തമൻ: സർ, ചേർത്തല താലൂക്കിലെ 18 പഞ്ചായത്തുകളിലേയും ചേർത്തല മുനിസിപ്പാലിറ്റിയിലെ ലക്ഷക്കണക്കിന് ജനങ്ങളുടെയും ദീർഘനാളത്തെ ആഗ്രഹത്തിന്റെ ഫലമായാണ് ജപ്പാൻ കുടിവെള്ള പദ്ധതി അവിടെ സഫലമായത്. എന്നാൽ ആ പദ്ധതി കമ്മീഷൻ ചെയ്ത് ഒരു വർഷം പിന്നിട്ടിട്ടും ജനങ്ങൾക്ക് അതുകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാകാത്ത സ്ഥിതിയാണ് ഇന്ന് കാണാൻ കഴിയുന്നത്. 13000-ത്തോളം ആളുകൾ കുടിവെള്ളത്തിനായി അപേക്ഷിച്ചിരുന്നുവെന്നാണ് ജൈക്ക-യുടെ പ്രോജക്ട് ഓഫീസിൽ നിന്ന് പറയുന്നത്. എന്നാൽ അതിൽ വളരെ ചുരുക്കം ആളുകൾക്ക് മാത്രമേ വെള്ളം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുള്ളൂ. കുടിവെള്ള പദ്ധതിയുടെ പൈപ്പുകൾ ഓരോ പ്രദേശങ്ങളിലും പൊട്ടിയൊലിച്ച് വെള്ളം പാഴായി പോകുന്നതാണ് മിക്കവാറും ദിവസങ്ങളിൽ കാണുന്നത്. അഞ്ച് ഫിൽറ്ററേഷൻ കഴിഞ്ഞുവരുന്നതും ഇന്ന് ലഭ്യമായതുമായ ഏറ്റവും നല്ല ജലം കുടിവെള്ളത്തിന്റെ രൂക്ഷത അനുഭവിച്ചുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ പൊട്ടിയൊലിച്ച് റോഡിലേയ്ക്കും മറ്റ് പറമ്പിലേയ്ക്കും ജലാശയത്തിലേയ്ക്കും ഒഴുകുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. അത് മെയിന്റയിൻ ചെയ്യാൻ യാതൊരു സംവിധാനവുമില്ല. അതിന്റെ ഇൻടേക്ക്സ് സ്ഥലത്തുതന്നെ പൊട്ടി

യൊലിച്ച് വീട് തന്നെ നഷ്ടപ്പെടുന്ന സ്ഥിതിയുമുണ്ടായിട്ടുണ്ട്. താലൂക്കിലെ വിവിധ കേന്ദ്രങ്ങളിൽ പൈപ്പ് ലൈൻ പൊട്ടി വെള്ളം നാശമായി കൊണ്ടിരിക്കുകയാണ്. മുടക്കിയ പണംകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാകാത്ത സ്ഥിതിയാണ്. ഞങ്ങൾ ഇതുസംബന്ധിച്ച് പരാതി പറയുമ്പോൾ ഉദ്യോഗസ്ഥരില്ല, മെയിന്റയിൻ ചെയ്യാൻ ആവശ്യമായ ഫണ്ടില്ല എന്നൊക്കയുളള മറുപടിയാണ് ജൈക്ക-യുടെ ഓഫീസിൽ നിന്ന് കിട്ടുന്നത്. എന്നാൽ ഒരു കാര്യം വളരെ വ്യക്തമാണ്. ജൈക്ക-യുടെ ഓഫീസിലെ ജീവനക്കാർക്കാണെങ്കിലും വാട്ടർ അതോറിറ്റിയിലെ ജീവനക്കാർക്കാണെങ്കിലും ഇക്കാര്യങ്ങൾ സംയോജിപ്പിച്ച് ഏറ്റെടുത്ത് നടത്താൻ കഴിയുന്നില്ലായെന്നുള്ളതാണ്. ഈ പദ്ധതി സഫലമാകുമ്പോൾ അതിന്മേൽ നടത്തിയ പ്രവർത്തനങ്ങളൊക്കെ പരിശോധിച്ചാൽ വളരെ നിരർത്ഥകമായ ജോലിയാണ് പല രംഗങ്ങളിലും നടന്നതെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. പൈപ്പുകൾ തമ്മിൽ ജോയിന്റ് ചെയ്യുന്ന സ്ഥലത്ത് ഔട്ട്ഡേറ്റഡായിട്ടുള്ള ടെക്നോളജി ഉപയോഗിക്കുന്നതിന്റെ ഫലമായി പൈപ്പുകൾ പൊട്ടുന്നു. സർവ്വീസ് കണക്ഷൻ നൽകേണ്ട ഭാഗത്ത് വർഷങ്ങളായി നിലവിലുണ്ടായിരുന്ന വാട്ടർ അതോറിറ്റിയുടെ പൈപ്പാണ് ഇപ്പോഴും ആശ്രയിച്ചുകൊണ്ടിരിക്കുന്നത്. ശക്തിയിൽ ഒഴുകി വരുന്ന ജലം പഴകി ദ്രവിച്ച പൈപ്പിലൂടെ കടന്നുപോകുമ്പോൾ സ്വാഭാവികമായും പൈപ്പ് പൊട്ടി ജലം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇത്രയും നാളായിട്ടും വലിയ പ്രതീക്ഷയോടെ കാത്തിരുന്ന കുടിവെള്ള പദ്ധതി ജനങ്ങൾക്ക് അനുഭവവേദ്യമാക്കാൻ കഴിയാത്ത പശ്ചാത്തലത്തിലാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവന്നത്.

ജലവിഭവവകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ചേർത്തല ജപ്പാൻ കുടിവെള്ള പദ്ധതി 2012 ജനുവരിയിൽ പൂർത്തീകരിച്ച് ജനങ്ങൾക്ക്

സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പ് കാലയളവിൽ ചേർത്തല നിവാസികൾക്കും പരിസരത്തുള്ള പഞ്ചായത്ത് നിവാസികൾക്കും ബുദ്ധിമുട്ട് നേരിടേണ്ടി വന്നിട്ടുണ്ട്. എന്നാൽ പദ്ധതി കമ്മീഷൻ ചെയ്തതിനുശേഷം ജനങ്ങൾക്കുണ്ടായിരുന്ന ബുദ്ധിമുട്ടുകൾ വളരെയധികം കുറഞ്ഞിട്ടുണ്ട്. 13634 കണക്ഷൻ നൽകിയതിൽ 7211 കണക്ഷൻ റെഗുലറൈസ് ചെയ്തു. കൂടാതെ 522 കണക്ഷൻ കൂടി ഉപഭോക്താക്കൾക്ക് കൊടുത്തിട്ടുണ്ട്. പൈപ്പ്പൊട്ടി റോഡുകൾക്ക് കേടുപാടുകൾ ഉണ്ടാകുന്നുണ്ട്. കഴിയുന്നതുംവേഗം ലീക്കുകൾ അടച്ച് റോഡ് പുനഃസ്ഥാപിക്കുന്നുണ്ട്. പൈപ്പ് പൊട്ടിയ ഭാഗത്ത് കേടുപാടുകൾ തീർക്കുന്ന കാലയളവിൽ മാത്രമേ കുടിവെള്ളം ആ പ്രദേശത്ത് മുടങ്ങിയിട്ടുള്ളൂ. പഴയ വാട്ടർ സപ്ലൈ സ്കീമിന്റെ പൈപ്പാണെന്നുള്ളതുകൊണ്ട് വലിയ ബുദ്ധിമുട്ടുണ്ടെന്നുള്ള കാര്യം സമ്മതിക്കുന്നു. പൈപ്പിന്റെ ചോർച്ച തീർക്കലും പുനഃസ്ഥാപിക്കലും അതാത് സമയങ്ങളിൽത്തന്നെ ചെയ്തു തീർക്കുവാൻ വേണ്ടി ഐ.വി.ആർ.സി.എൽ-ന്റെ ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാത്രമല്ല സമയബന്ധിതമായി തീർക്കാതെ പോകുന്ന ചോർച്ചകൾ മറ്റ് മാർഗ്ഗങ്ങൾമുഖേന ചെയ്ത് തീർക്കാനും അതിന്റെ ലയബിലിറ്റി ഈ കമ്പനിക്ക് ചുമത്താനും തീരുമാനിച്ചിട്ടുണ്ട്. ജപ്പാൻ കുടിവെള്ള പദ്ധതി സ്ഥാപിച്ച പൈപ്പുകളിലെ ലീക്കുകൾ കൂടാതെ ചേർത്തല താലൂക്കിലെ ചെറിയ ചെറിയ കുടിവെള്ള പദ്ധതിയിലെ കാലപ്പഴക്കമുള്ള പൈപ്പുകളും പൊട്ടാറുണ്ട്. ആ പൈപ്പുകളുടെ അറ്റകുറ്റപ്പണികൾ അടിയന്തരമായി ചെയ്തുതീർക്കുന്നുണ്ട്. പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കുന്നതിനും സമയബന്ധിതമായി പരാതികൾ പരിഹരിക്കുന്നതിനുംവേണ്ടി 05-12-2012-ൽ ഒരു ഹെൽപ് ഡെസ്ക്ക് ആരംഭിച്ചിട്ടുണ്ട്. ഡോക്കറ്റ് സംവിധാനം ഉപയോഗിച്ച്

കിട്ടുന്ന പരാതികൾ ഐ.വി.ആർ.സി.എൽ. എന്ന കമ്പനിയെ ഏൽപ്പിക്കാറുണ്ട്. പരാതികൾ പരിഹരിക്കപ്പെടുന്നതിന്റെ പുരോഗതി അവലോകനം ചെയ്യാറുണ്ട്. ജപ്പാൻ കുടിവെള്ള പദ്ധതി കുറ്റമറ്റ രീതിയിൽ നടപ്പിലാക്കാൻ അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

**വിദ്വാൻ പി. കേളുനായരുടെ പേരിൽ സാംസ്കാരിക കേന്ദ്രം**

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, വിദ്വാൻ പി. കേളുനായരുടെ പേരിൽ കാഞ്ഞങ്ങാട് സാംസ്കാരിക കേന്ദ്രം സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയാണ് ഞാൻ ഉന്നയിക്കുന്നത്. വിദ്വാൻ പി. കേളുനായർ 1901 ജൂൺ 27-ന് മലബാറിലെ വടക്കൻ മേഖലയിലെ കാസർകോട് താലൂക്കിൽ ജനിക്കുകയും 1929 ഏപ്രിൽ 18-ന് 29-ാത്തെ വയസ്സിൽ മരിക്കുകയും ചെയ്തു. ഈ കാലയളവിനുള്ളിൽ അത്ഭുതകരമായ വിധത്തിൽ സാമൂഹിക-സാംസ്കാരിക-സാഹിത്യരംഗങ്ങളിലും ദേശീയ പ്രസ്ഥാനത്തിന്റെ മുന്നണിയിലും നിലയുറപ്പിച്ചരുന്ന വിദ്വാൻ പി. കേളുനായർക്ക് കാഞ്ഞങ്ങാട് ഉചിതമായ സാംസ്കാരിക കേന്ദ്രം പടുത്തുയർത്തി പ്രസ്തുത മഹാനുഭാവന്റെ ജീവിതത്തെ പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്താൻ സംവിധാനമുണ്ടാക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നത്. സംഗീത നാടക അക്കാദമി, വിദ്വാൻ പി. കേളുനായരുടെ കൃതികൾ എന്ന ഗ്രന്ഥം 1975-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭാഷ-സംഗീത- നാടക പ്രസ്ഥാനത്തിനും നാടക വേദിക്കും പുതിയൊരു വഴി തുറന്നുകാട്ടിയ നാടകകൃത്തും നടനും ഗായകനും കവിയും സംഗീതജ്ഞനും വാഗ്മിയും എല്ലാമായിരുന്നു വിദ്വാൻ പി. കേളുനായർ. പുത്തൻ നാടക സംവിധാന സങ്കേതങ്ങൾ അന്ന് രൂപപ്പെടുത്തിയെടുക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. മലബാറിൽ

കോഴിക്കോട് വരെ അദ്ദേഹത്തിന്റെ നാടകങ്ങൾ അരങ്ങേറിയിരുന്നു. നാടകങ്ങളിൽ നിന്ന് ലഭിച്ചിരുന്ന വരുമാനമെല്ലാം ദേശീയ സ്കൂളിന്റെ പ്രവർത്തനത്തിനായി അദ്ദേഹം ഉപയോഗിച്ചു. ലങ്കാദഹനം, പാദുക പട്ടാഭിഷേകം, ശ്രീകൃഷ്ണ ലീല, പാക്കനാർ ചരിതം, വിവേകോദയം എന്നിവ അദ്ദേഹത്തിന്റെ നാടകങ്ങളായിരുന്നു. അദ്ദേഹം നാടകങ്ങൾ എഴുതുകയും സംവിധാനം ചെയ്യുകയും അതിൽ അഭിനയിക്കുകയും ചെയ്തിരുന്നു. പുരാതന നാടകങ്ങളിൽ കാലോചിതമായ മാറ്റം വരുത്തി ദേശീയബോധത്തിന്റെ സന്ദേശം ഉൾക്കൊളളിച്ച് ഈ നാടകങ്ങളിൽ നടന്മാർ പാടാറുള്ള ഗാനം ദേശീയ പ്രസ്ഥാനത്തിന്റെ പ്രവർത്തനത്തെ ഉത്തേജിപ്പിച്ചിരുന്നു. 1924–ൽ പട്ടാമ്പി സംസ്കൃത കോളേജിൽ നിന്ന് വിദ്വാൻ പരീക്ഷ പാസ്സായി വന്ന കേളുനായർ വെള്ളിക്കോത്ത് വിജ്ഞാനദായിനി വായനശാലയും തുടർന്ന് ദേശീയ സ്കൂളും ആരംഭിച്ച് പ്രവർത്തിച്ചു. ആ കാലഘട്ടത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളെ സ്കൂളിൽ ചേർക്കുവാനും പഠിപ്പിക്കുവാനും അദ്ദേഹം മുന്നോട്ടുവന്നു. ബന്ധുക്കളിൽ നിന്നും മറ്റ് പലരിൽനിന്നും എതിർപ്പുണ്ടായിട്ടും അതൊന്നും വകവയ്ക്കാതെ അദ്ദേഹം മുന്നോട്ടുപോയി. കൂട്ടുകാർക്ക് ആദരണീയനും ഗുരുക്കന്മാർക്ക് വാത്സല്യഭാജനവും ശിഷ്യഗണങ്ങൾക്ക് ആരാധനാപാത്രവുമായിരുന്ന വിദ്വാൻ പി. കേളുനായർ തന്റെ നാടകത്തിലൂടെ ദേശീയബോധം വളർത്താനും ദേശഭക്തി ഉയർത്തിവിടാനും നിരന്തരം ശ്രമിച്ചു. 1924–ൽ അദ്ദേഹം ദേശാഭിമാനം ഉത്തേജകമായി പദങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് എഴുതിയ ഏതാനും വരികൾ 1930–ലെ ഉപ്പുസത്യാഗ്രഹ ജാഥയിലുടനീളം ഉയർന്നുകേട്ട ദേശഭക്തിഗാനം ശ്രദ്ധയിൽപ്പെടുത്തുകയാണ്.

‘ സ്മരിപ്പിൻ ഭാരതീയരെ

നമിപ്പിൻ മാതൃഭൂമിയെ

മുലപ്പാൽ തന്നൊരമ്മയെ

എന്നാളും ഹാ മറക്കാമോ

ത്യജിപ്പിൻ ജാത്യഭിമാനം

ഭജിപ്പിൻ ഐക്യസോപാനം

ധരിപ്പിൻ ശുദ്ധമാം ഖാദി

ഇതൊന്നെ ദു:സ്ഥിതി ഭേദി

തിരിപ്പിൻ കൈമരറാട്ടേ

ഇപ്പഞ്ഞം തീരുമാറാട്ടേ

ഇതല്ലാതെൻ സഹജരെ

നമുക്ക് വേറെ ഗതിയില്ല’

എന്നാണ്. കേരളത്തിലെ ദേശീയ പ്രസ്ഥാനത്തിന്റെ നേതാവായിരുന്ന കേരള ഗാന്ധി എന്നറിയപ്പെട്ടിരുന്ന കെ. കേളപ്പജിയുമായി നല്ല ബന്ധം സ്ഥാപിച്ചിരുന്നു. വിദ്വാൻ പി. കേളുനായരുടെ നാടകങ്ങൾ ദേശീയ പ്രസ്ഥാന ത്തിന് ശക്തിപകരുവാനും ജനങ്ങളെ സംഘടിപ്പിക്കുവാനും പറ്റിയ മാർഗ്ഗമാ ണെന്ന് അദ്ദേഹം വിലയിരുത്തിയിരുന്നു. 1929 ഏപ്രിൽ 18-ന് ദേശീയ പതാക യിൽ കിടന്ന് അദ്ദേഹം ജീവനൊടുക്കി. ദേശീയ പ്രസ്ഥാനത്തിലെ നേതാക്ക ളെയും മലബാറിനെയാകെയും ഞെട്ടിച്ച സംഭവമായിരുന്നു. സിംഗപ്പൂരിലായി രുന്ന കേളപ്പജി ഹൃദയസ്പൃക്കായ പ്രസ്താവനയിലൂടെ അനുശോചനം അറി യിച്ചു. ഉത്തമനായ പ്രവർത്തകൻ കൂടി ദേശീയപ്രസ്ഥാനത്തിന് നഷ്ടമായി എന്ന് മാതൃഭൂമി പത്രവും മുഖപ്രസംഗം എഴുതി. കേവലം 29 വയസ്സ് മാത്ര

മുള്ള വിദ്വാൻ പി. കേളുനായർ, നാടിനും ജനങ്ങൾക്കും വേണ്ടി ജീവിച്ച് അസാധാരണവും അത്ഭുതകരവുമായ പ്രവർത്തനം കാഴ്ചവച്ച വ്യക്തി കൂടി യാണ്. വരുംതലമുറയ്ക്ക് പഠിക്കാൻ ആവശ്യമായ വിധത്തിൽ ഒരു സാംസ്ക്കാരിക കേന്ദ്രം കാഞ്ഞങ്ങാട് സ്ഥാപിക്കണമെന്നാണ് എന്റെ വിനയപൂർവ്വമായ അഭ്യർത്ഥന.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി ശ്രീ. കെ. സി. ജോസഫ്: സർ, ബഹുമാനപ്പെട്ട ശ്രീ. ഇ. ചന്ദ്രശേഖരൻ വളരെ വിശദമായി അവതരിപ്പിച്ച അഭിപ്രായങ്ങളോടെല്ലാം ഗവൺമെന്റിന് യോജിപ്പാണുള്ളത്. ഉത്തര മലബാറിലെ ദേശീയ പ്രസ്ഥാന ത്തിന്റെ നേതാക്കളിൽ ഒരാളും സാഹിത്യ സംഗീതനാടകരംഗത്തെ പ്രശസ്തനും നടനും ഗായകനും വാഗ്മിയും എല്ലാമായിരുന്ന വിദ്വാൻ പി. കേളുനായരുടെ പേരിൽ സാംസ്കാരിക കേന്ദ്രം വേണമെന്നാണ് അദ്ദേഹം ആവശ്യപ്പെട്ടിരിക്കുന്നത്. ബഹുമാനപ്പെട്ട ഇ. ചന്ദ്രശേഖരന്റെ ഈ ആവശ്യ വുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളോ അപേക്ഷകളോ ഇതിനുമുമ്പ് സാംസ്കാരിക വകുപ്പിന് ലഭിച്ചതായി കാണുന്നില്ല. സാംസ്കാരിക നായകൻ മാർക്കെല്ലാം സാംസ്കാരികവകുപ്പ് നേരിട്ട് സ്മാരകം ഉണ്ടാക്കുന്നത് പ്രായോ ഗികമാണെന്ന് എനിക്ക് തോന്നുന്നില്ല. എങ്കിലും വിദ്വാൻ പി. കേളുനായരുടെ പേരിൽ കാഞ്ഞങ്ങാട് സ്മാരകമോ സാംസ്കാരിക കേന്ദ്രമോ സ്ഥാപിക്കു ന്നതിന് വിശദമായ പ്രോജക്ട് റിപ്പോർട്ടും ഉചിതമായ സ്ഥലവും മറ്റ് സാഹചര്യങ്ങളും ലഭ്യമാക്കുകയാണെങ്കിൽ തീർച്ചയായും അതുമായി സഹകരിക്കുവാനും ആവശ്യമായ സാമ്പത്തികസഹായം നൽകുവാനും ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതാണ്.

## കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാമ്യൂസിയത്തിന്റെ നവീകരണം

ശ്രീമതി പി. അയിഷാ പോറ്റി: സർ, കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാമ്യൂസിയം ജനങ്ങൾക്ക് സന്ദർശിക്കാൻതക്കവണ്ണം എല്ലാ സൗകര്യങ്ങളോടുംകൂടി നവീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഈ സബ്മിഷൻ ഞാൻ ഉന്നയിക്കുന്നത്. ദീർഘകാലമായി ഒരു വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന കൊല്ലം ജില്ലയിലെ ഏക സർക്കാർ മ്യൂസിയമായ കൊട്ടാരക്കര തമ്പുരാൻ കഥകളി കലാമ്യൂസിയം വളരെയേറെ പരിശ്രമം നടത്തിയാണ് കഴിഞ്ഞ ഗവൺമെന്റിന്റെ അവസാനകാലത്ത് ദേവസ്വം ബോർഡിന്റെ അധീനതയിലിരിക്കുന്ന ഗണപതി ക്ഷേത്രത്തിന് മുമ്പിലുള്ള കൊട്ടാരത്തിലേയ്ക്ക് മാറ്റി സ്ഥാപിച്ചത്. എന്നാൽ അതിനുശേഷം ആവശ്യമായ നവീകരണപ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ല. അവിടെ കഥകളികലാരൂപങ്ങളും മറ്റ് കലാരൂപങ്ങളും ആടയാഭരണങ്ങളുമടക്കം വിലപ്പെട്ട ഒട്ടേറെ വസ്തുക്കൾ പെട്ടിയിൽഅടച്ച് സൂക്ഷിക്കപ്പെട്ടിരിക്കുകയാണ്. ഇതിനെ വേണ്ടവിധത്തിൽ ജനങ്ങൾക്ക് കാണത്തക്കരീതിയിൽ ഉചിതമായ സ്ഥാനങ്ങളിൽ സ്ഥാപിച്ച് പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കാനുള്ള ഒരു നടപടിയും നാളിതുവരെ ഉണ്ടായിട്ടില്ല. അവിടെയുള്ള ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ നിഷേധാത്മകമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. അതോടൊപ്പം ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയോട് ഒരു കാര്യം പറയാനുണ്ട്. അവിടെയൊരു ബോർഡ് വയ്ക്കാൻപോലും സമ്മതിക്കാത്ത ഒരു സ്ഥിതി കൂടി ദേവസ്വംബോർഡിന്റെ ഭാഗത്തുനിന്ന് ഇപ്പോൾ സംജാതമായിട്ടുണ്ട്. പൈതൃക മ്യൂസിയം എന്നുള്ളതിന്റെ കൂടെ കൊട്ടാരക്കര തമ്പുരാൻ കഥകളി മ്യൂസിയം എന്നുകൂടി എഴുതിവച്ചിരുന്നതാണ്. ആ ബോർഡുകൂടി ഇളക്കി

മാറ്റിക്കൊണ്ട് നിസ്സഹകരണ സമീപനമാണ് ദേവസ്വം ബോർഡിന്റെ ഭാഗത്തു നിന്ന് സ്വീകരിച്ചിട്ടുള്ളത്. കൊട്ടാരക്കര തമ്പുരാന്റെ പേരിലുള്ള സ്മാരക കലാമ്യൂസിയം തമ്പുരാന്റെ കൊട്ടാരത്തിൽത്തന്നെ ഏറ്റവും അനുയോജ്യ മായിട്ടുള്ള സ്ഥലത്ത് സ്ഥിതിചെയ്യുകയാണ്. ഇത് നവീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുന്ന തിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ബഹുമാന്യയായ ശ്രീമതി പി. അയിഷാ പോറ്റി ചൂണ്ടിക്കാണിച്ചതുപോലെ കൊട്ടാരക്കരത്തമ്പുരാൻ ക്ലാസിക്കൽ കലാമ്യൂസിയം 2010 ഏപ്രിൽ 15 മുതൽ തിരുവിതാംകൂർ ദേവസ്വംബോർഡിന്റെ അധീനതയിലുള്ള കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. ഈ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം ദേവസ്വംബോർഡി നായതിനാൽ അടിസ്ഥാന വികസനപ്രവർത്തനങ്ങൾ ദേവസ്വംബോർഡിന്റെ സഹകരണത്തോടുകൂടി മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ. മ്യൂസിയം നവീകരണത്തിന്റെ ഭാഗമായി മെഗാലത്ത് ഗ്യാലറി, ന്യൂമിസ്മാറ്റിക്സ് ഗ്യാലറി, ക്ലാസിക്കൽ ആർട്ട് ഗ്യാലറി എന്നിവ സജ്ജീകരിക്കുന്നതിനുവേണ്ടി 5 ലക്ഷംരൂപ ചെലവഴിച്ചിരുന്നു. മ്യൂസിയത്തിന്റെ തുടർനവീകരണ പ്രസിദ്ധീ കരണ പ്രവർത്തനങ്ങളുടെ ഭാഗമായി മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുള്ള ആടയാ ഭരണങ്ങളോടുകൂടിയ 9 കഥകളി പ്രതിമകളുടെ വേഷങ്ങൾ മാറ്റി മോടി പിടിപ്പിക്കുന്നതിനുവേണ്ടി കേരള കലാമണ്ഡലവുമായി പുരാവസ്തു വകുപ്പ് ധാരണയിലായിട്ടുണ്ട്. എത്രയും വേഗം പുരാവസ്തു വകുപ്പ് നവീകരണ

പ്രവർത്തനങ്ങൾ ചെയ്യുന്നതാണ്. മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയുടെകൂടി സൗകര്യാനുസരണം ബഹുമാനപ്പെട്ട മെമ്പറെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

**ഇടപ്പള്ളി - അരൂർ ബൈപ്പാസിൽ ഫ്ളൈ ഓവർ**

ശ്രീ. ബെന്നി ബെഹനാൻ: സർ, അങ്ങും ഈ സഭയിലെ മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും ബഹുമാനപ്പെട്ട അംഗങ്ങളുമൊക്കെ അനുഭവിക്കുന്ന ഒരു ബുദ്ധിമുട്ടിലേയ്ക്കാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ട്രാഫിക്-ജാം ഉള്ള ഒരു ഏരിയ യാണ് ഇടപ്പള്ളി ബൈപ്പാസ്. ഇടപ്പള്ളി - അരൂർ ബൈപ്പാസിന് ഏകദേശം 20 കി.മീ. താഴെയാണ് ഇടപ്പള്ളി ബൈപ്പാസ്. അവിടെ 4 പ്രധാനപ്പെട്ട ജംഗ്ഷനുകളുണ്ട്. കിട്ടിയിരിക്കുന്ന കണക്കുകളുടെ അടിസ്ഥാനത്തിൽ കേരളത്തിൽ ഏറ്റവും കൂടുതൽ ട്രാഫിക് സെൻസസുള്ള ജംഗ്ഷനുകളാണ് ഇടപ്പള്ളി ബൈപ്പാസ് ജംഗ്ഷൻ, പാലാരിവട്ടം ജംഗ്ഷൻ, വൈറ്റില ജംഗ്ഷൻ, കുണ്ടന്നൂർ ജംഗ്ഷൻ. ഇവിടെ ഒരു ഫ്ളൈഓവർ നിർമ്മിക്കണമെന്നാവശ്യ പ്പെട്ടുകൊണ്ട് ഈ സഭയിൽ ഞാൻ തന്നെ രണ്ടു പ്രാവശ്യം- ഒരു കാളിംഗ് അറ്റൻഷനും ഒരു സബ്മിഷനും നൽകിയിരുന്നു. എൻ.എച്ച്.-47 മായി രണ്ട് നാഷണൽ ഹൈവേ ക്രോസ്സ് ചെയ്യുന്നുണ്ട്. എൻ.എച്ച്-49 ക്രോസ് ചെയ്യുന്നത് കുണ്ടന്നൂരിലും എൻ.എച്ച്. 17 വന്നുചേരുന്നത് ഇടപ്പള്ളിയിലു മാണ്. ഇവിടെ യാത്ര വളരെ ദുസ്സഹമായി മാറിയിരിക്കുകയാണ്. അതു മാത്രമല്ല എറണാകുളത്ത് വരാൻപോകുന്ന പ്രധാനപ്പെട്ട എല്ലാ മാളുകളേയും

....... ഇപ്പോൾത്തന്നെ രണ്ട് മാളുകളുണ്ട്. ഇനി അടുത്ത ദിവസംതന്നെ ലുലു ഇന്റർനാഷണൽമാളും ഉത്ഘാടനം ചെയ്യാൻ പോകുന്നു. അതുപോലെ ഈ 20 കി.മീ. ബൈപ്പാസിന്റെ ദൂരത്തിനുള്ളിൽ ഏകദേശം 8 മാളുകൾ വരാൻ പോകുകയാണ്. ഇനി അങ്ങോട്ടുള്ള യാത്ര വളരെ ദുസ്സഹമായിരിക്കും, ഇപ്പോൾത്തന്നെ മനുഷ്യർക്ക് മൂവ്ചെയ്യാൻ കഴിയാത്ത തരത്തിലായിരിക്കുക യാണ്. ഇത്രയും വികസനങ്ങൾ അവിടെ നടന്നുകഴിഞ്ഞു. അതോടൊപ്പം വല്ലാർപാടം കണ്ടെയ്നർ ടെർമിനലിൽനിന്നും പോകുന്ന വലിയ കണ്ടെയ് നേഴ്സുകളുമുണ്ട്. അവിടത്തെ ട്രാഫിക് ബ്ലോക്ക് പരിഹരിക്കുന്നതിനു വേണ്ടി ഒന്നുകിൽ ഇടപ്പള്ളി ബൈപ്പാസ്, പാലാരിവട്ടം ബൈപ്പാസ്, വൈറ്റില ജംഗ്ഷൻ, കുണ്ടന്നൂർ ജംഗ്ഷൻ എന്നീ സ്ഥലങ്ങളിൽ ഫ്ളൈ ഓവർ സ്ഥാപിക്കണം അല്ലെങ്കിൽ എലിവേറ്റഡ് ഹൈവേ ഉൾപ്പെടെ യുള്ള കാര്യങ്ങൾ സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. ഇതിന് പലപ്പോഴും തടസ്സമായി നിൽക്കുന്നത് നമ്മുടെ മനോഭാവം തന്നെയാണ്. ടോൾ തുടങ്ങിയ സാങ്കേതികങ്ങളായ പ്രശ്നങ്ങളുമുണ്ട്. ആ പ്രശ്നങ്ങളിലേ യ്ക്കൊന്നും ഞാൻ പോകുന്നില്ല. അടിയന്തരമായി ഗവൺമെന്റ് അതിനെ ക്കുറിച്ച് തീരുമാനമെടുക്കുകയും അവിടെ ഫ്ളൈ ഓവറുകൾ അല്ലെങ്കിൽ **എലവേറ്റഡ് ഹൈവേ** പണിത് അവിടത്തെ ട്രാഫിക് ബ്ലോക്ക് ഇല്ലാതാക്കുന്ന തിനുവേണ്ടിയുള്ള സത്വര നടപടികൾ സ്വീകരിക്കുകയും വേണം. അല്ലെ ങ്കിൽ എറണാകുളത്ത് വലിയ ട്രാഫിക് കുരുക്കുണ്ടാകും, മുഖ്യമന്ത്രിയും ഗവർണ്ണറും അടക്കം ട്രാഫിക് ബ്ലോക്കിൽ കിടക്കേണ്ട സാഹചര്യം ഉണ്ടാകും. കാരണം ഇപ്പോൾത്തന്നെ കിലോമീറ്ററുകൾ നീളുന്ന ട്രാഫിക് ബ്ലോക്കാണ് അവിടെ ഉണ്ടാകുന്നത്. ഇത് ഒഴിവാക്കുന്നതിനുവേണ്ടി ഫ്ളൈ ഓവർ

ഉണ്ടാക്കണമെന്നാവശ്യം ഒരിക്കൽ കൂടി ഞാൻ ഈ സഭയുടെയും അങ്ങയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്: സർ, ബഹുമാന്യനായ ശ്രീ. ബെന്നി ബെഹനാൻ ഇവിടെ ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇടപ്പള്ളി - അരൂർ ബൈപ്പാസിൽ ഇടപ്പള്ളി, പാലാരിവട്ടം, വൈറ്റില, കുണ്ടന്നൂർ എന്നീ 4 സ്ഥലങ്ങളിൽ ഫ്ളൈ ഓവറുകൾ നിർമ്മിക്കുന്നതിനുള്ള കരട് ഡി.പി.ആർ. നാഷണൽഹൈവേ അതോറിറ്റി ചുമതലപ്പെടുത്തിയ പ്രകാരം എസ്.എൻ.സി. ലാവ്‌ലിൻ ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി തയ്യാറാക്കിയിട്ടുണ്ട്. ഇവ നിർമ്മിക്കുന്നതിന് 1450 കോടി രൂപ വേണ്ടിവരുമെന്ന് കണക്കാക്കിയിരിക്കുന്നു. നിർദ്ദിഷ്ട കൊച്ചി മെട്രോ പദ്ധതി നാഷണൽ ഹൈവേയിൽ ഇടപ്പള്ളി ജംഗ്ഷനിലും വൈറ്റില ജംഗ്ഷനിലും ക്രോസ്സ് ചെയ്യുന്നതിനാൽ കൊച്ചി മെട്രോ അധികാരികളുമായി ആലോചിച്ചാണ് ഡി.പി.ആർ. തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ ഇടപ്പള്ളി ഫ്ളൈ ഓവർ നിർമ്മാണത്തിന് സ്ഥലമെടുപ്പ് ആവശ്യമായി വരുന്നതിനാൽ പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജനപ്രതിനിധികളുടെയും മറ്റ് ബന്ധപ്പെട്ടവരുടെയും ഒരു യോഗം 31/12/2012 ൽ ചേരുകയും സ്ഥലമെടുപ്പ് ഒഴിവാക്കിക്കൊണ്ടുള്ള ഒരു പദ്ധതി കൊണ്ടുവരാൻ സാധിക്കുമോയെന്ന് ആരായുവാൻ തീരുമാനിക്കുകയുമുണ്ടായി. കൊച്ചിയിലെ 4 നിർദ്ദിഷ്ട ഫ്ളൈ ഓവറുകൾ കൊച്ചിയിലെ മാത്രം പ്രശ്നമല്ലെന്നും ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക വാണിജ്യ വ്യവസായ വളർച്ചയ്ക്ക് അനിവാര്യമാണെന്നുമുള്ള നിലപാടാണ് ഗവൺമെന്റിനുള്ളത്. ഇത് യാഥാർത്ഥ്യമാക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ

സാന്നിദ്ധ്യത്തിൽ ഒരു ഉന്നതതലയോഗം ചേരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്.

## ആറ്റിങ്ങൽ ബൈപ്പാസ് റോഡ് നിർമ്മാണം

ശ്രീ. ബി. സത്യൻ: സർ, ദേശീയ പാതയിൽ ദൈനംദിനം നടക്കുന്ന അപകടങ്ങളിൽ ഏറ്റവും അധികം സംഭവിക്കുന്നത് ആറ്റിങ്ങൽ, ആലങ്കോട്, കൊല്ലമ്പുഴ, മാമം തുടങ്ങിയ പ്രദേശങ്ങളിലാണ്. ഏറ്റവുമധികം അപകട ങ്ങളുണ്ടാകുന്ന 'ബ്ലാക്ക് സ്പോട്ട്' ആയി നിശ്ചയിച്ചിരിക്കുന്നത് ആറ്റിങ്ങൽ - മാമം പ്രദേശമാണ്. ഏറ്റവുമധികം തിരക്കുപിടിച്ച ആറ്റിങ്ങൽ പട്ടണത്തിലെ ദേശീയ പാതയിൽ വാഹനത്തിരക്ക് കാരണം ഇതുവഴിയുള്ള യാത്ര ദുരിത പൂർണ്ണമായി മാറിയിരിക്കുകയാണ്. നിർദ്ദിഷ്ട ദേശീയപാതാ വികസന പദ്ധ തിയിൽ ഉൾപ്പെട്ടതാണ് ആറ്റിങ്ങൽ ബൈപ്പാസ്. ഇതുസംബന്ധിച്ച് നാഷണൽ ഹൈവേ അതോറിറ്റി 26-03-2012-ൽ ആണ് നോട്ടിഫിക്കേഷൻ പുറപ്പെടുവി ച്ചത്. അതിന്റെ സമയം 26-03-2013 അതായത് വരുന്ന 40-45 ദിവസംകൊണ്ട് പൂർത്തിയാകുകയാണ്. ചേർത്തല മുതൽ തിരുവനന്തപുരംവരെ നീളുന്ന ദേശീയപാത ഇരട്ടിപ്പിക്കൽ പദ്ധതിയിലാണ് ആറ്റിങ്ങൽ ബൈപ്പാസ് ഉൾപ്പെടു ന്നത്. ഈ പാക്കേജിന്റെ ഭാഗമായി ആലപ്പുഴ, കൊല്ലം ബൈപ്പാസുകളുടെ നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. ആലപ്പുഴയിലെ എം.എൽ.എ. മാരും കേന്ദ്ര മന്ത്രിമാരും ഉൾപ്പെട്ടുകൊണ്ട് ആലപ്പുഴ ബൈപ്പാസ്, ബൈപ്പാസ് എന്നുള്ള നിലയിൽ മാത്രമെടുത്ത് പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടർ വിളിക്കുകയും പണി ആരംഭിക്കാനുള്ള നീക്കത്തിലുമാണ്. കൊല്ലത്ത് ഏതാണ്ട് നാലര കിലോമീ റ്ററോളം ബൈപ്പാസിന്റെ നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. നാല് വില്ലേജുകൾ

ഉൾപ്പെടുന്ന ആറ്റിങ്ങൽ ബൈപ്പാസിന്റെ സർവ്വേ ജോലികൾ ഏകദേശം പൂർത്തിയായി, 3(ഡി) നോട്ടിഫിക്കേഷനുവേണ്ടി നിൽക്കുകയാണ്. ഈ ഘട്ട ത്തിൽ ചില തർക്കങ്ങളും മറ്റുമൊക്കെ ഉയർന്നുവന്നിരിക്കുന്നുവെന്നതും വളരെ ഉത്കണ്ഠയോടുകൂടി ഞങ്ങൾ കാണുകയാണ്. ഈ സന്ദർഭത്തിൽ ബൈപ്പാസ് നിർമ്മാണം പ്രത്യേകമായി ഒരു പാക്കേജായി പ്രഖ്യാപിക്കണമെ ന്നാണ് എന്റെ അഭ്യർത്ഥന. ആറ്റിങ്ങൽ ബൈപ്പാസിനെ പ്രത്യേക ഭാഗമാക്കി മാറ്റി അതിന്റെ പണി ആദ്യം ആരംഭിക്കാൻ കഴിയുന്ന നിലയിൽ നാല് വില്ലേ ജുകളിലെ സർവ്വേ പൂർത്തിയാക്കി 3(എ)(1)-ന്റെയും 3(ബി) യുടേയും 3(സി) യുടെയും നടപടിക്രമങ്ങളെല്ലാം കഴിഞ്ഞു. 3(ഡി) നോട്ടിഫിക്കേഷൻ പുറപ്പെ ടുവിക്കാൻ കേന്ദ്ര സർക്കാരിനോടും നാഷണൽ ഹൈവേ അതോറിറ്റിയോടും അഭ്യർത്ഥിക്കണമെന്നും ഈ ബൈപ്പാസിന്റെ നിർമ്മാണം പ്രത്യേക പാക്കേജായി ആരംഭിക്കാനുള്ള തീരുമാനം ഗവൺമെന്റ് കൈക്കൊള്ളണ മെന്നും അതിനുവേണ്ട സഹായങ്ങൾ അങ്ങ് ചെയ്യണമെന്നുമാണ് എനിക്ക് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ദേശീയപാത വികസന പദ്ധതിയുടെ ഫേസ് 3-യിൽ ബി.ഒ.ടി. പ്രോജ ക്ടിൽ ഉൾപ്പെടുത്തി നിലവിലുള്ള ദേശീയപാത 47-ന്റെ ഓച്ചിറ മുതൽ തിരുവനന്തപുരം വരെയുള്ള ഭാഗം 45 മീറ്റർ വീതിയിൽ നാല് വരി, ആറ് വരി പാതയായി വികസിപ്പിക്കുന്നത് സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ ദേശീയ പാതാ അതോറിറ്റി ഓഫ് ഇന്ത്യ ഏറ്റെടുത്തിട്ടുണ്ട്. മേൽപ്പറഞ്ഞ പാക്കേജിൽ 10.9 കിലോമീറ്റർ നീളം, പുതുക്കിയ അലൈൻമെന്റ് പ്രകാരം വരുന്ന ആറ്റി ങ്ങൽ ബൈപ്പാസിന്റെ നിർമ്മാണവും ഉൾപ്പെടുന്നു. പ്രസ്തുത ബൈപ്പാസ്

നിലവിലുള്ള ദേശീയപാത 47-ൽ മണമ്പൂരിൽ നിന്ന് വേർതിരിഞ്ഞ് മാമത്ത് അവസാനിക്കുന്നു. ഈ ബൈപ്പാസിനുവേണ്ടി 45 മീറ്റർ വീതിയിൽ അതിർത്തിക്കല്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. എൻ.എച്ച്. ആക്ട് 1956 പ്രകാര മുള്ള സ്ഥലമെടുപ്പ് നടപടികളുടെ ഭാഗമായി 3 (എ)(1) നോട്ടിഫിക്കേഷൻ കേന്ദ്ര ഗവൺമെന്റിന്റെ 27-03-2012-ലെ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇപ്പോൾ 3(ഡി) പ്രകാരമുള്ള സർവ്വേ നടപടികൾ പൂർത്തിയായിക്കൊണ്ടിരി ക്കുകയാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഈ അടുത്ത കാലത്തായി വളരെ ത്വരിതഗതിയിൽ അതിന്റെ പ്രവർത്തനങ്ങൾ നടക്കു ന്നുണ്ട്.

**<u>തകർന്ന റോഡ് റീ-ടാർ ചെയ്യാൻ നടപടി</u>**

<u>ശ്രീ. എം.പി. വിൻസെന്റ്</u>: സർ, വളരെയേറെ ഗൗരവമുള്ള ഒരു വിഷയമാണ് ഒരു സബ്മിഷനായി ഞാൻ ഈ സഭയുടെ മുമ്പിൽ വയ്ക്കു ന്നത്. വളരെ വിഷമത്തോടുകൂടിയാണ് ഞാൻ ഇത് അവതരിപ്പിക്കുന്നത്. മൂന്നുനാല് പ്രാവശ്യം ഞാൻ ഈ വിഷയം സഭയുടെ മുമ്പിൽ പറഞ്ഞിരുന്നു. മറ്റുള്ള സംസ്ഥാനങ്ങളെ തമ്മിൽ ബന്ധപ്പെടുത്തുന്ന പ്രധാനപ്പെട്ട പാതക ളാണ് ദേശീയപാതകൾ. അതിൽ എൻ.എച്ച്.-47 ഏറെ പ്രാധാന്യമുള്ള ഒരു ദേശീയപാതയാണ്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തമിഴ്നാട്ടിൽ നിന്നും കേരളത്തിലേയ്ക്ക് കടക്കുന്ന വാളയാർ മുതൽ തൃശ്ശൂർ വരെയുള്ള ഭാഗത്ത്, ഏറ്റവും പ്രാധാന്യമുള്ള മണ്ണുത്തി മുതൽ വടക്കാഞ്ചേരി വരെയുള്ള പ്രദേ ശത്തെ എൻ.എച്ച്. 47-ന്റെ ശോചനീയാവസ്ഥ വളരെ ഗുരുതരമായിത്തീർന്നി രിക്കുകയാണ്. കഴിഞ്ഞ ഒരു വർഷക്കാലമായി ആ റോഡിന്റെ ഗതി വളരെയ ധികം ശോച്യാവസ്ഥയിലാണ്. അത് സഞ്ചാരയോഗ്യമല്ല, കുഴികൾ നിറഞ്ഞ്,

ഒരു റോഡാണെന്ന് പറയാൻ സാധിക്കാത്തവിധം വളരെയധികം ബുദ്ധിമുട്ടി ലായിരിക്കുന്നു. ഈകാര്യം പലപ്രാവശ്യം ഞാൻ പറയുകയും ഇട യ്ക്കൊക്കെ മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും ഇടപെട്ട് കുഴികളൊക്കെ അടയ്ക്കുകയുമുണ്ടായി. കഴിഞ്ഞ ഏപ്രിൽ-മെയ് മാസം മഴ വരുന്നതിനു മുമ്പായി റോഡിന്റെ കാര്യത്തിൽ സത്വര നടപടികളെടുക്കണമെന്ന് ഞാൻ പറയുകയുണ്ടായി. പക്ഷേ അതൊന്നും ഉണ്ടായില്ല. അന്യ സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന വണ്ടികൾ അതിലുപരി നമ്മുടെ സംസ്ഥാനത്തുള്ള വാഹന ങ്ങൾ തുടങ്ങി എല്ലാം കടന്നുവരുന്ന ആ പ്രദേശത്തെ വളരെയേറെ ഭാഗം ഇപ്പോഴും റോഡല്ലാത്ത അവസ്ഥയിൽ നിൽക്കുകയാണ്. ഗൗരവതരമായ ഈ വിഷയത്തിൽ പാർലമെന്റ് മെമ്പർ ശ്രീ. പി.സി. ചാക്കോ ഇടപെടുകയും 5 കോടി രൂപ സെൻട്രൽ ഗവൺമെന്റിൽ നിന്ന് അനുവദിക്കുകയുമുണ്ടായി. എന്നാൽ ടെണ്ടർ കഴിഞ്ഞപ്പോൾ ആ തുക ക്യാൻസൽ ചെയ്തു. ഇപ്പോൾ ആർക്കും ഉത്തരവാദിത്വമില്ലാത്തരൂപത്തിൽ ആ റോഡിന്റെ ഗതി നിൽക്കുന്നു. പ്രധാനപ്പെട്ട ഈ വിഷയം സഭ വളരെ ഗൗരവത്തോടെ എടുക്കണമെന്ന് മാത്രമല്ല, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എന്ന പക്ഷം പറഞ്ഞ് അത് മാറ്റി വയ്ക്കാൻ പാടില്ല. ഈ വിഷയത്തിൽ സർക്കാരിന് ഉത്തരവാദിത്വമുണ്ടോ? ഈ വിഷയത്തിൽ നികുതിയടയ്ക്കുന്ന ജനങ്ങളോട് എം.എൽ.എ. മാരായ ഞങ്ങളെപ്പോലുള്ളവർക്ക് എന്ത് മറുപടി നൽകാൻ സാധിക്കും? അവിടെ സമരങ്ങൾ നടക്കുന്നു. ആ സമരങ്ങളൊക്കെ ശക്തമാണ്. എല്ലാ രാഷ്ട്രീയ കക്ഷികളുടേയും സമരം അവിടെ നടക്കുന്നുണ്ട്. ആ സമരത്തെ ന്യായീക രിക്കേണ്ടതുണ്ട്. ഈ വിഷയം അടിയന്തര പ്രാധാന്യത്തോടുകൂടി വളരെ ഗൗരവമായി എടുത്ത്, കേന്ദ്ര സർക്കാരിന് കഴിയില്ലെങ്കിൽ സംസ്ഥാന

സർക്കാർ അടിയന്തര ഫണ്ട് കൊടുത്ത് റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കാൻ ശ്രമിക്കണം. വെറും ഉത്തരം കൊണ്ട് ഓട്ട അടയ്ക്കാവുന്ന ഒരു കാര്യമല്ല ഇത്. കേരള സംസ്ഥാനത്തിന് വളരെയധികം നാണക്കേടായ ഒരു സംഭവമാണ് ഇത്. ഇത് കേരളത്തെ മാത്രം ബാധിക്കുന്ന ഒരു കാര്യമല്ല. റോഡിനെക്കുറിച്ച് എല്ലാവരും പറയുന്നത് അക്ഷരാർത്ഥത്തിൽ ശരിയാണ്. തൃശ്ശൂർ ജില്ലയിലെയും പാലക്കാട് ജില്ലയിലെയും പ്രധാനപ്പെട്ട മുഴുവൻ നിയോജക മണ്ഡലങ്ങളെയും ബന്ധപ്പെടുത്തുന്ന കേരളത്തിലെ ഏറ്റവും പ്രാധാന്യമുള്ള ഈ റോഡിന്റെ ശോചനീയാവസ്ഥ നിർബന്ധമായും ഇന്നുതന്നെ പരിഹരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എം.പി. വിൻസെന്റ്, പ്ലീസ്.......പ്ലീസ് കൺക്ലൂഡ്....

ശ്രീ. എം.പി. വിൻസെന്റ്: സർ, ഇതിന് ഇന്നുതന്നെ അടിയന്തര നടപടിയുണ്ടാകണമെന്നാണ് എനിക്ക് ഇവിടെ അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. എ.കെ. ബാലൻ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. ഇതിൽ അടിയന്തിരമായി നടപടി ഉണ്ടാകണം.

മി. ഡെപ്യൂട്ടി സ്പീക്കർ: നിങ്ങളുടെ എല്ലാവരുടേയും വികാരം ബഹുമാനപ്പെട്ട മിനിസ്റ്റർക്ക് മനസ്സിലാകുന്നുണ്ട്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ഞാൻ എഴുതിക്കൊണ്ടുവന്ന ഉത്തരത്തിന് പുറമേയുള്ള ഒരു സിറ്റുവേഷനാണ് ഇവിടെയുള്ളത്. അതുകൊണ്ട് രണ്ട് വാക്ക് പറയേണ്ടിയിരിക്കുന്നു. ഇത് നമ്മുടെ പരിധിക്കപ്പുറമുള്ള ഒരു സംഗതിയാണ്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഏറ്റെടുത്ത റോഡാണ് ഇത്. മാത്രമല്ല, അത്

കൺസ്ട്രക്ഷൻ കമ്പനിയെ ഏൽപ്പിച്ചുകഴിഞ്ഞു. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയ്ക്കും കമ്പനിക്കും അതിന്റേതായ ന്യായങ്ങളുണ്ട്. നമ്മൾ സ്ഥലം ഏറ്റെടുത്തുകൊടുക്കാൻ വൈകിയെന്നുള്ളത് പരമാർത്ഥമാണ്. എന്തുകൊണ്ട് സ്ഥലം ഏറ്റെടുത്ത് കൊടുക്കാൻ വൈകിയെന്നത് പരിശോധിക്കേണ്ടതാണ്. 45 മീറ്റർ വീതിയിൽ സ്ഥലം ഏറ്റെടുത്തു കൊടുക്കേണ്ട ബാദ്ധ്യത സംസ്ഥാന ഗവൺമെന്റിന്റേതാണ്. സ്ഥലം ഏറ്റെടുക്കുന്ന കാര്യത്തിൽ ഫ്രിഞ്ച് ഗ്രൂപ്പുകളുടെ കൂടെ പലരും കൂടിച്ചേർന്ന് തടസ്സങ്ങൾ സൃഷ്ടിക്കുന്നതാണ് റോഡ് വികസനത്തിനുള്ള ഏറ്റവും വലിയ തടസ്സം. സ്റ്റിപ്പുലേറ്റഡ് ടൈമിൽ ....(ബഹളം).......ഞാൻ പ്രത്യേകം പറഞ്ഞു, ഫ്രിഞ്ച് ഗ്രൂപ്പുകളുടെ കൂടെ കൂടുന്നു എന്നുള്ളതാണ് സത്യം. കമ്പനിയെ ന്യായീകരിക്കേണ്ട ബാദ്ധ്യത എനിക്കില്ല. ഈ കമ്പനി തന്നെ രണ്ടുമൂന്ന് പ്രാവശ്യം റിപ്പയറിംഗ് വർക്ക് നടത്തി. സ്ഥലം കിട്ടുന്ന മുറയ്ക്ക് പണി നടത്താനായി അവർ പ്രതീക്ഷിച്ചുകൊണ്ടിരിക്കയാവും ഇനി റിപ്പയറിംഗ് നടത്താൻ പറ്റില്ലെന്ന് കമ്പനി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയെ അറിയിക്കുകയും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ 5 കോടി രൂപ അനുവദിക്കുകയും ചെയ്തു. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ, ഡയറക്ടർ ബോർഡ് യോഗം ചേർന്ന് എല്ലാകാര്യങ്ങളിലും തടസ്സം നിൽക്കുന്ന കേരളത്തിലേയ്ക്ക് തുക കൊടുക്കുവാൻ സാധിക്കുകയില്ലെന്ന് പറഞ്ഞു. അതുകൊണ്ട് ആ 5 കോടി രൂപ തിരിച്ചെടുക്കാൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ ഡയറക്ടർ ബോർഡ് തീരുമാനിച്ചു. അങ്ങനെയാണ് ഈ സംഭവം. ഇക്കാര്യത്തിൽ മുഖ്യമന്ത്രി ഇടപെട്ട് കേന്ദ്ര മന്ത്രി ഡോ. പി.സി. ജോഷിക്ക് കത്ത് നൽകിയിട്ടുണ്ട്. ഈ സബ്മിഷൻ ഇവിടെ വന്നത് വളരെ

ഗൗരവപൂർവ്വം കണക്കിലെടുക്കും. ഇവിടത്തെ രണ്ട് എം.പി. മാർ കേന്ദ്രത്തിലുണ്ട്. അവരെ ഈ വിഷയം പ്രത്യേകം അറിയിച്ച്, ഈ വിഷയം സഭയിൽ ഉന്നയിക്കണമെന്നും അതോടൊപ്പംതന്നെ ആ പ്രശ്നം പരിഹരിക്കണമെന്നും ആവശ്യപ്പെടും. അതോടൊപ്പം ......(ബഹളം)..... ഒരു പ്രധാന കാര്യം,... ഇത് നമുക്ക് നൽകുന്ന ഒരു പാഠമുണ്ട്, ഈ പാഠം ഉൾക്കൊള്ളാൻ കൂടി കേരളം തയ്യാറാകണം. സ്ഥലമെടുപ്പിനെ എല്ലാവരും എതിർക്കുന്നു, കേരളത്തിലെ എല്ലാ പ്രോജക്ടുകളും വൈകുന്നു. ഇക്കാര്യത്തിൽ ഗൗരവമായ തീരുമാനങ്ങളുണ്ടാകുമെന്ന് അറിയിക്കുന്നു.

ശ്രീ. എം.പി. വിൻസെന്റ്: .......(മൈക്ക് ഓഫ്)........മഴക്കാലം വരാൻ പോകുകയാണ്. വളരെയധികം കഷ്ടപ്പെടുകയാണ്. ഈ കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): ഈ കാര്യത്തിൽ ......(ബഹളം)....... മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമായി ആലോചിച്ച് അത്യാവശ്യം വേണ്ട നടപടികളെടുക്കുന്നതാണ്. പക്ഷേ എല്ലാ കാര്യത്തിലും സംസ്ഥാന ഗവൺമെന്റിന് ഫണ്ട് ചെലവഴിക്കാൻ ബുദ്ധിമുട്ടുണ്ട്. പല നാഷണൽ ഹൈവേയുടേയും കാര്യത്തിൽ ഇങ്ങനെ ഇടപെടേണ്ടിവന്നിട്ടുണ്ട്. ഏതായാലും ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് ഇടപെടുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായും ധനകാര്യ വകുപ്പുമന്ത്രിയുമായും ആലോചിച്ച് വേണ്ട നടപടി സ്വീകരിക്കും.

## എറണാകുളം മാർക്കറ്റും ബ്രോഡ്‌വേ പ്രദേശങ്ങളും പുനർനിർമ്മിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ഹൈബി ഈഡൻ: സർ, സെൻട്രൽ ഗവൺമെന്റിന്റെ ഖചചഡഞങ പദ്ധതി പ്രകാരം ബ്രോഡ് വേ ആന്റ് എറണാകുളം മാർക്കറ്റ് ഹെറിറ്റേജ് ആന്റ് അർബൻ റിന്യൂവൽ പ്രോജക്ടിനുവേണ്ടി കൊച്ചി നഗരസഭയ്ക്ക് ഫെബ്രുവരി 2010-ൽ 22.12 കോടി രൂപ ലഭിക്കുകയുണ്ടായി. പൈതൃക പദ്ധതികളുടെ ഭാഗമായി ഇന്ത്യയിൽ ആകെ 7 പ്രോജക്ടുകൾക്കാണ് തുക അനുവദിച്ചത്. അതിൽ കേരളത്തിലെ ഏക പ്രോജക്ടാണ്, എറണാകുളത്തെ പുരാതനമായ മാർക്കറ്റും ബ്രോഡ്‌വേയും അതിന്റെ പൈതൃകം സംരക്ഷിച്ചു കൊണ്ടുതന്നെ റിനോവേറ്റ് ചെയ്യാനുള്ള ഈ പദ്ധതി. അതിന്റെ ടെൻഡർ നടപടികളെല്ലാം പൂർത്തിയായിക്കഴിഞ്ഞിരിക്കുകയാണ്. അതിന്റെ റിവൈസ്ഡ് കോസ്റ്റ് വന്നപ്പോൾ 22 കോടി രൂപയെന്നുള്ളത് 35.95 കോടി രൂപയായി വർദ്ധിച്ചു. 13.6 കോടി രൂപ ടെൻഡർ എക്സസ് വന്ന ഈ സാഹചര്യത്തിൽ ഈ വിഷയം 2012 ഏപ്രിലിൽ ക്യാബിനറ്റിൽ വരികയുണ്ടായി. സംസ്ഥാന ഗവൺമെന്റിന് വളരെ rare ആയി ലഭിക്കുന്ന ഈ opportunity വിനിയോഗിച്ചുകൊണ്ട്, ഇന്ത്യയിൽ വളരെ ചുരുക്കം സ്ഥലങ്ങളിൽ മാത്രം ലഭിച്ചിട്ടുള്ള, ഹെറിറ്റേജ് പ്രിസർവേഷന്റെ ഭാഗമായിട്ടുള്ള ഒരു വലിയ പദ്ധതിയാണ് ഇതിലൂടെ വിഭാവന ചെയ്തിട്ടുള്ളത്. അതിന്റെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് ഉചിതമായ തീരുമാനമെടുക്കണം. ഈ മാർക്കറ്റിൽ ജോലി ചെയ്യുന്ന ആളുകളും കടയുള്ള ആളുകളുമെല്ലാം സാധാരണക്കാരാണ്. സാധാരണ ആൾക്കാർ ആശ്രയിക്കുന്ന ഒരു മാർക്കറ്റ് എന്നുള്ള രീതിയിലും അതുപോലെ ഏറ്റവും പുരാതനമായ വാണിജ്യ മേഖലയെന്നുള്ള രീതിയിലും

എറണാകുളത്തിന്റെ വിവിധ പ്രദേശങ്ങളെ ഇതിലൂടെ കണക്ട് ചെയ്യുന്ന പദ്ധതികളാണ് ആ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടിൽ വിഭാവന ചെയ്തിട്ടുളളത്. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റ് പ്രത്യേക താൽപര്യമെടുത്ത് ടെൻഡർ എക്സസിന്റെ തുക അടച്ചുകൊണ്ട് ഈ പദ്ധതി നഷ്ടപ്പെടുത്താതിരിക്കാനുള്ള തീരുമാനമെടുക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, എറണാകുളം മാർക്കറ്റും അതിന്റെ വിവിധ മേഖലകളും ഉൾക്കൊളളുന്ന പ്രദേശങ്ങളും പുനർനിർമ്മിക്കുന്നതിലേയ്ക്കായി കേന്ദ്ര സർക്കാരിന്റെ ഖചചഡഞങ്ങ പദ്ധതിയിലുൾപ്പെടുത്തി 9-2-2012-ൽ 82-ാത് സെൻട്രൽ സാങ്ഷനിംഗ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയിൽവച്ച് കേരളത്തിൽ കൊച്ചിയിൽ ഒരു ഹെറിറ്റേജ് പദ്ധതിക്ക് അനുമതി നൽകുകയുണ്ടായി. കേന്ദ്ര സർക്കാർ 50 ശതമാനം വിഹിതം നൽകുന്ന ഈ പദ്ധതിയുടെ പൂർത്തീകരണത്തിനായി കേരള സർക്കാർ 30 ശതമാനം തുകയും കൊച്ചി നഗരസഭ 20 ശതമാനം തുകയും വകയിരുത്തേണ്ടതുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി 22.10 കോടി രൂപയ്ക്കാണ് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയത്. ആയതുപ്രകാരം ദർഘാസുകൾ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുകയായ 35.95 കോടി രൂപ ക്വാട്ട് ചെയ്ത കരാറുകാരന് വർക്ക് കൊടുക്കുന്ന കാര്യത്തിൽ ടെക്നിക്കൽ കമ്മിറ്റിയുടെ ശുപാർശ പ്രകാരം നടപടി സ്വീകരിക്കാൻ 32-ാമത് എംപവേർഡ് കമ്മിറ്റി തീരുമാനമെടുക്കുകയുമുണ്ടായി. ഇതിന് ലഭിച്ച ഏറ്റവും കുറഞ്ഞ ടെൻഡർ 2010 എസ്.ഒ.ആർ. (ഷെഡ്യൂൾ ഓഫ് റേറ്റ്)

പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിനേക്കാൾ 32 ശതമാനം അധിക നിരക്കിലു ള്ളതാണ്. അംഗീകാരം നൽകിയ പദ്ധതി തുകയായ 22.10 കോടി രൂപയുടെ 50 ശതമാനം വിഹിതമല്ലാതെ അധിക ടെൻഡർ തുകയായ 13.85 കോടി രൂപ കേന്ദ്ര സർക്കാർ നൽകുന്നതല്ല. ആയതിനാൽ പ്രസ്തുത തുക സംസ്ഥാന സർക്കാർ വഹിക്കേണ്ടതാണെന്നുള്ളതാണ് എംപവേർഡ് കമ്മിറ്റിയുടെ തീരു മാനം. ഇതുൾപ്പെടെ സംസ്ഥാന സർക്കാർ ഈ പദ്ധതിക്കായി 24.90 കോടി രൂപ കണ്ടെത്തേണ്ടിവരുമെന്നതിനാൽ ഇതുസംബന്ധിച്ച് എംപവേർഡ് കമ്മിറ്റി യുടെ ശുപാർശ പ്രകാരം ലഭിച്ച നിർദ്ദേശം ധനകാര്യ വകുപ്പുമായി കൂടിയാ ലോചിച്ച് പരിശോധിച്ചുവരികയാണ്.

**അനധികൃത ക്വാറി പ്രവർത്തനവും മണൽ ഖനനവും**

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, നമ്മുടെ സംസ്ഥാനത്ത് വിവിധ ജില്ല കളിൽ വിവിധ സ്ഥലങ്ങളിലായി വനപ്രദേശത്ത് ഉൾപ്പെടെ അനധികൃതമായി ക്വാറികൾ പ്രവർത്തിക്കുകയാണ്. സർക്കാരിന്റെ റവന്യൂ സ്ഥലങ്ങൾപോലും കയ്യേറ്റം നടത്തി. യാതൊരു തരത്തിലുള്ള ലൈസൻസുകളും നിയന്ത്രണങ്ങ ളുമില്ലാതെ, അംഗീകാരമില്ലാതെ പാറ പൊട്ടിക്കുന്നത് അതിവിപുലമാകുക യാണ്. വയനാട്, കണ്ണൂർ, പാലക്കാട്, തൃശ്ശൂർ, എറണാകുളം, ഇടുക്കി, കോട്ടയം, തിരുവനന്തപുരം എന്നീ ജില്ലകളിലാണ് പാറ പൊട്ടിക്കൽ അതീവ ഗുരുതരമായി നടക്കുന്നത്. അംഗീകരിക്കപ്പെട്ടിട്ടുള്ള പാറ പൊട്ടിക്കലിനോ എല്ലാ ലൈസൻസുമുള്ള പാറ പൊട്ടിക്കലിനോ മണൽ ഖനനത്തിനോ ആരും എതിരല്ല. പക്ഷേ അനധികൃതമായ പാറ ഖനനവും കരിങ്കൽ ക്വാറികളും മണൽവാരലും സംസ്ഥാനത്തുണ്ടാക്കിയിരിക്കുന്ന പാരിസ്ഥിതികമായ

പ്രശ്നം സാമൂഹിക പ്രശ്നമായി, ക്രമസമാധാന പ്രശ്നമായി മാറിക്കൊണ്ടിരിക്കുകയാണ്. റവന്യൂ വകുപ്പിലെയും പോലീസിലെയും തദ്ദേശസ്വയംഭരണ വകുപ്പിലെയും ജിയോളജി ഡിപ്പാർട്ടുമെന്റിലെയും ഉദ്യോഗസ്ഥൻമാരുടെയും ചില രാഷ്ട്രീയക്കാരുടെയും അറിവും പിന്തുണയോടുംകൂടിയാണ് ഇത്തരത്തിലുളള അനധികൃതമായ പാറഖനനവും മണലൂറ്റും നടക്കുന്നത്. ഇതിന് നിയന്ത്രണം വരുന്നില്ല. കേരളത്തിലെ എല്ലാ അച്ചടി മാധ്യമങ്ങളും ഇതുമായി ബന്ധപ്പെട്ട് പരമ്പരകൾ എഴുതി. എല്ലാ ദൃശ്യമാധ്യമങ്ങളും ഇതുമായി ബന്ധപ്പെട്ട പരമ്പരകൾ കൊണ്ടുവന്നു. തിരുവനന്തപുരത്ത് വെളളറടയിലെയും കുന്നത്തുകാൽ പഞ്ചായത്തിലെയുമൊക്കെ ലാന്റ് റവന്യൂ കമ്മീഷണർ നൽകിയ റിപ്പോർട്ട് വിജിലൻസിന് കൊടുത്തിട്ടുപോലും മാനിക്കപ്പെടുന്നില്ല. അനധികൃതമായി പാറപൊട്ടിക്കുന്നതും മണൽ ഖനനവും നിർബന്ധമായും നിരോധിക്കണം. അതിന് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി സ്വീകരിക്കണം. നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്നതിന് മണലും മെറ്റലും വേണം. അത് ന്യായമായും നിയമാനുസൃതമായുമാണ് നടക്കേണ്ടത്, അതിന് ആരും എതിരല്ല. എന്നാൽ റവന്യൂ ഭൂമിയടക്കം കൈയ്യേറുമ്പോഴും അതിനു കൂട്ടുനിൽക്കുന്ന റവന്യൂ വകുപ്പിലെയും തദ്ദേശസ്വയംഭരണ വകുപ്പിലെയും ഉദ്യോഗസ്ഥരുടെയും പോലീസിന്റെയും നടപടി അതീവ ഗുരുതരമാണ്. ഈ വിഷയത്തിൽ കർശനമായ നടപടിയുണ്ടാകണമെന്ന് ഈ സഭയിൽ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ക്വാറികളുമായി ബന്ധപ്പെട്ട് നിലവിൽ രണ്ട് നിയമപ്രകാരമാണ് നിയന്ത്രണ സംവിധാനങ്ങൾ പ്രവർത്തിച്ചുവരുന്നത്.

താൽക്കാലിക പെർമിറ്റുകളുടെ അടിസ്ഥാനത്തിലുള്ള സർക്കാർ ഭൂമിയിലെ പാറഖനനം 1957-ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരവും സർക്കാർ ഭൂമി കളിലെ ഖനനത്തിനുള്ള ദീർഘകാല പാട്ടങ്ങളും സ്വകാര്യ ഭൂമിയിലെ മുഴുവൻ ഖനനവും നിയന്ത്രിക്കുന്നത് 1967-ലെ **കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങൾ** പ്രകാരവുമാണ്. പ്രസ്തുത നിയമങ്ങളുടെ അടിസ്ഥാനത്തിൽ നൽകിവരുന്ന പെർമിറ്റുകളിലും ലിസ്റ്റുകളിലും എന്തെങ്കിലും പോരായ്മകളുള്ള പക്ഷം ബന്ധപ്പെട്ട വകുപ്പുകളായ റവന്യൂ, മൈനിംഗ് ആന്റ് ജിയോളജി, മലിനീകരണ നിയന്ത്രണം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകൾ നിയന്ത്രണ നടപടികൾ സ്വീകരിച്ചുവരുന്നു. അതിനാൽത്തന്നെ റവന്യൂ, പോലീസ്, വനം, തദ്ദേശസ്വയംഭരണം, മലിനീകരണ നിയന്ത്രണം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ രാഷ്ട്രീയ പ്രവർത്തകരുടെ ഒത്താശയോടുകൂടി അനധികൃത പാറ പൊട്ടിക്കൽ പ്രവർത്തനം നടത്തുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ഏതെങ്കിലും പ്രദേശത്ത് അനാരോഗ്യ പ്രവർത്തനം കാണുന്ന പക്ഷം സർക്കാർ നടപടി സ്വീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ അപ്പുറവും ഇപ്പുറവുമിരിക്കുന്ന എം.എൽ.എ.-മാരും നിരവധി ആളുകളും പലപ്പോഴും ഇതുപോലെയുള്ള വിഷയവുമായി ബന്ധപ്പെട്ട് നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ടെന്ന് പലപ്പോഴും അറിയിച്ചിട്ടുണ്ട്. വയനാട്ടിലെ കാര്യംതന്നെ ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചു. വയനാട്ടിൽനിന്നുള്ള ശ്രീ. ഐ. സി. ബാലകൃഷ്ണൻ നിരന്തരമായി ഇവിടെ പെറ്റീഷൻ തന്നുകൊണ്ടിരിക്കുകയാണ്. അവിടെ ഒരു നിർമ്മാണപ്രവർത്തനവും നടത്തുവാൻ പാറ കിട്ടുന്നില്ല. അങ്ങനെയൊക്കെയുള്ള ചില കാര്യങ്ങളിൽ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്.

പരിസ്ഥിതിവാദികളെന്ന് പറഞ്ഞ് കുറേ ആളുകൾ എന്തെങ്കിലും സാമ്പത്തിക നേട്ടത്തിനുവേണ്ടിമാത്രമുണ്ടാക്കുന്ന പരാതികളുടെ അടിസ്ഥാനത്തിൽ പരി ശോധന നടത്തുവാൻ ബുദ്ധിമുട്ടുള്ള കാര്യമാണ്. ഏതായാലും ഏതെങ്കിലും തരത്തിൽ എന്നെങ്കിലും ..................(ബഹളം)..............

ശ്രീ. ടി. എൻ. പ്രതാപൻ: അങ്ങനെ പറയാൻ പാടില്ല. ................. .(ബഹളം)..............

ശ്രീ. അടൂർ പ്രകാശ്: ഏതെങ്കിലും തരത്തിൽ നിയമവിരുദ്ധമായി എന്തെങ്കിലും ..................(ബഹളം)..............

ശ്രീ. ടി. എൻ. പ്രതാപൻ: ആ പരാമർശം ശരിയല്ല. അത്തരത്തിൽ 'ഏതെങ്കിലും പരിസ്ഥിതിവാദികൾ സാമ്പത്തിക ലാഭങ്ങൾക്കുവേണ്ടി ഉണ്ടാക്കുന്ന പരാതികൾ' എന്ന പരാമർശം ഒരു മന്ത്രിക്ക് സഭയിൽ പറയാൻ പറ്റുന്നതല്ല. അത് ശരിയല്ല. ..................(ബഹളം)..............പരിസ്ഥിതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഈ സഭയിലെ ആളുകൾ പറയാറുണ്ടല്ലോ. അങ്ങ് ഈ കാര്യത്തിൽ ഇടപെടണം.

ശ്രീ. അടൂർ പ്രകാശ്: ഞാൻ ഈ കാര്യം ബഹുമാനപ്പെട്ട അംഗത്തെ ഉദ്ദേശിച്ചല്ല പറഞ്ഞത്. ഇന്ന് കേരളത്തിൽ പലയിടത്തും നടന്നുകൊണ്ടിരി ക്കുന്ന കാര്യങ്ങൾ, എന്റെ ശ്രദ്ധയിൽവന്ന കാര്യങ്ങൾ ഈ സഭയിൽ പറയാ നുള്ള ഉത്തരവാദിത്വം എനിക്കുണ്ടെന്നുള്ളതുകൊണ്ടാണ് ഞാൻ ഈ കാര്യ ങ്ങൾ പറയുന്നത്. അതുകൊണ്ട് അനധികൃതമായി എവിടെയെങ്കിലും എന്തെ ങ്കിലും നടന്നിട്ടുണ്ടെങ്കിൽ അതിനെതിരെ ശക്തമായ നടപടി സ്വീകരിക്കും. ..................(ബഹളം).............. മറ്റ് എന്തെങ്കിലും .................. (ബഹളം).............. കേട്ടുകൊണ്ട് മറുപടി പറയാൻ കഴിയുകയില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ടി. എൻ. പ്രതാപൻ അങ്ങ് ഇവിടെ ഉന്നയിച്ച സബ്മിഷനുള്ള മറുപടി മന്ത്രി ഇവിടെ വളരെ വ്യക്തമായി പറഞ്ഞു. അത് താങ്കളെ ഉദ്ദേശിച്ചല്ല പറഞ്ഞതെന്ന് പറഞ്ഞു. ..................(ബഹളം)............... പ്ലീസ്......... സഭയിലെ അംഗങ്ങളെക്കുറിച്ച് പറഞ്ഞതാണെങ്കിൽ ചെയർ തീർച്ചയായും അത് പിൻവലിപ്പിക്കുമായിരുന്നു. അദ്ദേഹം പറഞ്ഞുകഴിഞ്ഞു, അങ്ങയെ ഉദ്ദേശിച്ചല്ലായെന്ന് കൃത്യമായി പറഞ്ഞുകഴിഞ്ഞു.

## പാഞ്ചിക്കാട്ട് കടവ് പാലത്തിന്റെ നിർമ്മാണം

ശ്രീ. ആർ. സെൽവരാജ് : സർ, പിന്നോക്കമായ രണ്ട് പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പ്രധാനപ്പെട്ട ഒരു പാലമാണ് പാഞ്ചിക്കാട്ട് കടവ് പാലം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ആദ്യനാളുകളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും മുൻകയ്യെടുത്തുകൊണ്ട് ഈ പാലത്തിന് അനുവാദം നൽകുകയുണ്ടായി. ഈ പാലം നിർമ്മിക്കുന്നതിന് ആവശ്യമായ സാമ്പത്തികവും അനുവദിക്കുകയുണ്ടായി. പൊതുമരാമത്ത് വകുപ്പിന്റെ എല്ലാ നടപടികളും പൂർത്തിയായിക്കഴിഞ്ഞു. എന്നാൽ തുച്ഛമായ സ്ഥലം പാലത്തിന്റെ നിർമ്മാണ പ്രവർത്തനത്തിന് ആവശ്യമായി വന്നിരിക്കുന്നതിനാൽ ആ സ്ഥലമെടുപ്പ് റവന്യൂ വകുപ്പിനെയാണ് ഏൽപ്പിച്ചത്. റവന്യൂ വകുപ്പിന്റെ മെല്ലെപ്പോക്ക് പാലം നിർമ്മാണത്തിനാവശ്യമായ സ്ഥലമെടുപ്പിന് കാലതാമസം വരുത്തുന്നതായി കണ്ടുവരുന്നു. ഈ നിർമ്മാണത്തിനാവശ്യമായ സ്ഥലം ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തിയെടുക്കുന്നതിന് ആവശ്യമായ നടപടി റവന്യൂ വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, നെയ്യാറ്റിൻകര മണ്ഡലത്തിൽ നെയ്യാർ നദിക്ക് കുറുകെ പാഞ്ചിക്കാട്ട് കടവ് പാലത്തിന്റെ നിർമ്മാണത്തിനായി ചെങ്കൽ-തിരുപ്പുറം വില്ലേജുകളിലായി 39.70 ആർ സ്ഥലം ഏറ്റെടുക്കുന്നതിന് പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ 13-12-2012-ൽ സമർപ്പിച്ച അർത്ഥനയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ കളക്ടർ അഡീഷണൽ എൽ.എ. തഹസിൽദാരെ 4-1-2013-ൽ പൊന്നുംവില ഓഫീസറായി നിയമിച്ചിട്ടുണ്ട്. തുടർനടപടികളുടെ ഭാഗമായി പൊന്നുംവില ഓഫീസർ അർത്ഥനാധികാരിയുമായി ചേർന്ന് 18-1-2013-ൽ സംയുക്ത സ്ഥലപരിശോധന നടത്തുകയുണ്ടായി. പൊന്നുംവില വസ്തുക്കൾ, സർവ്വേ ഉൾപ്പെടുന്ന നമ്പരുകൾ, ഉന്നതല സമിതിയുടെ പരിശോധനയ്ക്ക് ആവശ്യമായ ചെക്ക്ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ട മറ്റ് വിശദാംശങ്ങൾ, വില്ലേജ് റിക്കാർഡുകൾ എന്നിവ പരിശോധിച്ചുവരികയാണ്. ഈ അർത്ഥനയുമായി ബന്ധപ്പെട്ട് യാതൊരു വിധത്തിലുള്ള കാലതാമസവും റവന്യൂ വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. റിക്കാർഡുകൾ ലഭിക്കുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതിന് തുടർനടപടി സ്വീകരിക്കുന്നതാണ്.

(മേശപ്പുറത്തു വയ്ക്കുന്ന കടലാസുകൾ)